# മഹാകവി വള്ളത്തോളും

**ഭാ**രതത്തിന്റെ സംസ്കാരമഹത്വവും ദേശീയതാബോധവും ഉയർത്തിപ്പിടിച്ച കവിയായിരുന്നു വള്ളത്തോൾ നാരായണമേനോൻ. മലയാളകവിതയിലെ യുഗസ്രഷ്ടാക്കളിലൊരാളായി നിലകൊള്ളുന്നു അദ്ദേഹം. 1878 ഒക്ടോബർ 16നു മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലാണ് അദ്ദേഹത്തിന്റെ ജനനം. സംസ്കൃതവും വൈദ്യവും പഠിച്ചെങ്കിലും



*വള്ളത്തോൾ നാരായണമേനോൻ*



കവിതയും കഥകളിയുമായിരുന്നു ഇഷ്ടവിഷയങ്ങൾ. ശ്ലോകങ്ങളും കവിതകളുമെഴുതി സാഹിത്യജീവിതം തുടങ്ങിയ വള്ളത്തോൾ കുറച്ചുകാലം തൃശൂരിൽ കേരള കല്പദ്രുമം പ്രസ്സിന്റെ മാനേജരായി ജോലി ചെയ്തു. അക്കാലത്താണ് അദ്ദേഹത്തെ ബധിരത പിടികൂടിയതും ആ ദുഃഖത്തിൽനിന്ന് ‘ബധിരവിലാപം’ എന്ന ഖണ്ഡകാവ്യം പിറന്നതും.

‘ചിത്രയോഗം’ മഹാകാവ്യരചനയ്ക്കുശേഷം വള്ളത്തോൾ നിരവധി ഖണ്ഡകാവ്യങ്ങളും ലഘുകവിതകളും രചിച്ചു. ഇവയാണു വാസ്തവത്തിൽ അദ്ദേഹത്തിനു സാഹിത്യരംഗത്തു ചിരപ്രതിഷ്ഠ നേടിക്കൊടുത്തത്. ഗണപതി, ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, മഗ്ദലനമറിയം, കൊച്ചുസീത, അച്ഛനും മകളും എന്നിവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധ ഖണ്ഡകാവ്യങ്ങൾ. എന്നാൽ വള്ളത്തോളിന്റെ പ്രതിഭാവിലാസം തെളിഞ്ഞുനില്ക്കുന്നത് ഹ്രസ്വകവിതകളുടെ സമാഹാരമായ സാഹിത്യമഞ്ജരിയിലാണ്. മാതൃവന്ദനം, ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി, എന്റെ ഭാഷ, കർമഭൂമിയുടെ പിഞ്ചുകാൽ തുടങ്ങി നിരവധി പ്രഖ്യാത കവിതകൾ സാഹിത്യമഞ്ജ



രിയുടെ പതിനൊന്നു ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നു. ‘എന്റെ ഗുരുനാഥൻ’ എന്ന കവിതയിലൂടെ തന്റെ ആദർശപുരുഷനായിരുന്ന മഹാത്മജിയുടെ ഉജ്ജ്വലചിത്രം കവി നല്കുന്നു.



*കൂത്തമ്പലം*

# കേരള കലാമണ്ഡലവും

വിവർത്തകൻ എന്ന നിലയിലും വള്ളത്തോളിന്റെ സംഭാവനകൾ അവിസ്മരണീയമാണ്. വാല്മീകിരാമായണം, മാതംഗലീല, മാർക്കണ്ഡേയ പുരാണം, പദ്മപുരാണം, വാമനപുരാണം, മത്സ്യപുരാണം, ഭാസന്റെ സ്വപ്നവാസവദത്തം, കാളിദാസന്റെ ശാകുന്തളം, ഋഗ്വേദം തുടങ്ങി നിരവധി സംസ്കൃത ഗ്രന്ഥങ്ങൾ അദ്ദേഹം പരിഭാഷപ്പെടുത്തി. ജീവിതകാലം മുഴുവൻ കർമനിരതനായിരുന്ന അദ്ദേഹത്തിന് 1955ൽ 'പദ്മഭൂഷൺ' ബഹുമതി ലഭിച്ചു. സമസ്ത കേരള സാഹിത്യ പരിഷത് അധ്യക്ഷനായും കേരള സാഹിത്യ അക്കാദമി ഉപാധ്യക്ഷനായും പ്രവർത്തിച്ചിട്ടുണ്ട്. 1958 മാർച്ച് 13നു മഹാകവി അന്തരിച്ചു.







കേരളത്തിന്റെ കേൾവികേട്ട നാട്യകലാരൂപമായ കഥകളിക്കു സിദ്ധിച്ച പ്രചാരത്തിനും പ്രസിദ്ധിക്കും മുഖ്യകാരണക്കാരൻ മഹാകവി വള്ളത്തോളാണ്. അദ്ദേഹം മുൻകൈയെടുത്തു സ്ഥാപിച്ച കേരള കലാമണ്ഡലമാണു കഥകളിയെ പുനരുജ്ജീവിപ്പിച്ചത്. പ്രശസ്തമായ ഈ കലാപഠനകേന്ദ്രം ഷൊർണൂരിനടുത്തു ചെറുതുരുത്തിയിലെ വള്ളത്തോൾ നഗറിൽ സ്ഥിതിചെയ്യുന്നു. 1927ൽ ആരംഭിച്ച ഈ കലാക്ഷേത്രം വള്ളത്തോളിന്റെ അക്ഷീണപ്രയത്നത്തിലൂടെ വളർന്നുവികസിച്ചു. അനുഗൃഹീത കലാകാരന്മാരെ പങ്കെടുപ്പിച്ചു രാജ്യത്തിനകത്തും പുറത്തും കലാപരിപാടികൾ അവതരിപ്പിച്ചതോടെ കേരള കലാമണ്ഡലം ലോകമെമ്പാടും കീർത്തി നേടി. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം സർക്കാർ സഹായത്തോടെ 33 ഏക്കറോളം ഭൂമി വാങ്ങി കെട്ടിട സമുച്ചയങ്ങൾ നിർമിച്ചു 'വള്ളത്തോൾ നഗർ' എന്ന പേരിൽ ആസ്ഥാനമുണ്ടാക്കി.



അതിമനോഹരവും ലക്ഷണയുക്തവുമായ ഒരു കൂത്തമ്പലം ഇവിടെ പണികഴിപ്പിച്ചിട്ടുള്ളത് ആരെയും ആകർഷിക്കും.

കഥകളി, മോഹിനിയാട്ടം, ഭരതനാട്യം, കൂടിയാട്ടം, ഓട്ടൻതുള്ളൽ, കഥകളിസംഗീതം, പഞ്ചവാദ്യം, മൃദംഗം, ചാക്യാർകൂത്ത് എന്നിവയാണ് ഈ കലാകേന്ദ്രത്തിലെ പ്രധാന പാഠ്യവിഷയങ്ങൾ. ആറു വർഷമാണു പഠനകാലം. രാവിലെ നാലരമണിക്കു സാധകത്തോടെ ആരംഭിക്കുന്ന ക്ലാസ്സുകൾ വൈകുന്നേരം എട്ടരയോടെയാണ് അവസാനിക്കുന്നത്. നൂറോളം വിദ്യാർത്ഥികൾ വിവിധ വിഭാഗങ്ങളിലായി വർഷംതോറും ഇവിടെ പ്രവേശനം നേടുന്നു. കല്പിത സർവകലാശാലാപദവി നേടിയിട്ടുള്ള ഈ സ്ഥാപനം ആഗോളതലത്തിൽ അറിയപ്പെടുന്ന അനേകം കലാകാരന്മാരെയും കലാകാരികളെയും സൃഷ്ടിച്ചിട്ടുണ്ട്. ◇

# അച്യുതമേനോൻ മന്ത്രിസഭകൾ

ഡോ. എം.പി. ഷീലാകുമാരി

**1967** മാർച്ച് ആറിന് അധികാരമേറ്റ ഇഎംഎസ് മന്ത്രിസഭ 1969 നവംബർ ഒന്നിനു രാജിവച്ചു. തുടർന്ന് അച്യുതമേനോന്റെ നേതൃത്വത്തിൽ, സിപിഐ, ഐ.എസ്സ്.പി, ആർ.എസ്സ്.പി, മുസ്ലീംലീഗ്, കേരളാ കോൺഗ്രസ്സ് എന്നീ പാർട്ടികളുടെ കൂട്ടു മന്ത്രിസഭ അധികാരമേറ്റു. കോൺഗ്രസ്സ് ഈ ഗവൺമെണ്ടിനെ പുറത്തു നിന്നു പിൻതാങ്ങി. ഈ മന്ത്രിസഭയിൽ ആഭ്യന്തരവകുപ്പു കൈകാര്യം ചെയ്തതു മുസ്ലീംലീഗാണ്. ഈ നടപടിയെ സിപിഎം. വിമർശിച്ചു. മുൻ ഗവൺമെണ്ട് അവതരിപ്പിച്ച ഭൂപരിഷ്ക്കരണ നിയമം പാസ്സാക്കുവാൻ സാധിച്ചതാണ് അച്യുതമേനോൻ മന്ത്രിസഭയുടെ ഏറ്റവും വലിയ നേട്ടം. ഭരണഘടനയുടെ 9-ാം പട്ടികയിൽ ഉൾപ്പെടുത്തി 1970 ജനുവരി 1നു കേരളത്തിൽ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നു. 1975ലെ കാർഷികബന്ധ ബില്ലിനു കാലാനുസൃതമായ ഭേദഗതികളോടുകൂടി അവതരിപ്പിക്കപ്പെട്ടതായിരുന്നു ഈ നിയമം. കാർഷികബന്ധബില്ലിനെ എതിർത്തിരുന്ന കോൺഗ്രസ്സിന്റെ പിൻതുണയോടും സഹകരണത്തോടും കൂടി ആ നിയമം നടപ്പിലാക്കാൻ കഴിഞ്ഞു എന്നത് ആ ഗവൺമെണ്ടിന്റെ നേട്ടം തന്നെയാണ്.



*സി.അച്യുതമേനോൻ*

ഗ്രാറ്റ്വിറ്റിനിയമം നടപ്പാക്കിയതും, കശുവണ്ടിവ്യവസായ മേഖലയിൽ കോർപ്പറേഷൻ രൂപീകരിച്ചതും സർക്കാർ ഉടമയിൽ ഫാക്ടറികൾ സർക്കാർ ഏറ്റെടുത്തു പ്രവർത്തിപ്പിച്ചതും ഈ ഗവൺമെണ്ടിന്റെ മറ്റു നേട്ടങ്ങളാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷനിലെയും, ഇലക്ട്രിസിറ്റി ബോർഡിലെയും നിയമനങ്ങൾ പി.എസ്,സിക്കു വിട്ടു.

1969ൽ രാഷ്ട്രപതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അഖിലേന്ത്യാതലത്തിൽ കോൺഗ്രസ്സ് ഭിന്നിച്ചു. കോൺഗ്രസ്സ് നേതൃത്വം രാഷ്ട്രപതിസ്ഥാനത്തേക്ക് നീലം സഞ്ജീവറെഡ്ഡിയെ നിയോഗിച്ചപ്പോൾ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി വി.വി. ഗിരിയെ നിർദേശിക്കുകയും കോൺഗ്രസ്സ് സാമാജികരോടു മനസ്സാക്ഷിക്കനുസരിച്ചു വോട്ടു ചെയ്യുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. വി.വി.ഗിരി രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടു. ബാങ്ക് ദേശസാൽക്കരണം, നാട്ടുരാജാക്കന്മാരുടെ പ്രിവിപേഴ്സ് നിർത്തലാക്കൽ തുടങ്ങിയ ഇന്ദിരാഗാന്ധിയുടെ നടപടികൾ അവരെ കോൺഗ്രസ്സിലെ പുരോഗമനവാദിയായി പ്രകീർത്തിക്കുവാൻ ഇടയാക്കി. അതോടെ കോൺഗ്രസ്സ്, സിപിഐ ബന്ധത്തിന് ആശയപരവും ആദർശപരവുമായ ഒരു പ്രതിച്ഛായ ഉണ്ടായി.

ഘടകകക്ഷിയായ ഐ.എസ്.പിയിലെ പ്രശ്നങ്ങൾ മന്ത്രിസഭയ്ക്കു ഭീഷണിയായി. നേരിയ ഭൂരിപക്ഷത്തിൽ അവിശ്വാസ പ്രമേയത്തിൽ നിന്നും മന്ത്രിസഭ രക്ഷപ്പെട്ടു. വ്യക്തമായ ഭൂരിപക്ഷം ഇല്ലാതെ ഭരിക്കുവാൻ ബുദ്ധിമുട്ടാണെന്നു മനസ്സിലാക്കിയ അച്യുതമേനോൻ നിയമസഭ പിരിച്ചു വിടുവാൻ ഗവർണറെ ഉപദേശിച്ചു. 1970, ആഗസ്റ്റ് ഒന്നാം തീയതി വരെ കെയർ ടേക്കർ ഗവൺമെണ്ടായി തുടർന്നു.

കേരള നിയമസഭയിലേക്കുള്ള ഇടക്കാല തെരഞ്ഞെടുപ്പ് 1970, സെപ്റ്റംബർ 17-ാം തീയതി നടന്നു. മൂന്നു

**ഭൂപരിഷ്ക്കരണ നിയമം പാസ്സാക്കുവാൻ സാധിച്ചതാണ് അച്യുതമേനോൻ മന്ത്രിസഭയുടെ ഏറ്റവും വലിയ നേട്ടം. ഭരണഘടനയുടെ 9-ാം പട്ടികയിൽ ഉൾപ്പെടുത്തി 1970 ജനുവരി 1നു കേരളത്തിൽ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നു. 1975ലെ കാർഷികബന്ധ ബില്ലിനു കാലാനുസൃതമായ ഭേദഗതികളോടുകൂടി അവതരിപ്പിക്കപ്പെട്ടതായിരുന്നു ഈ നിയമം.**



*ടി.വി. തോമസ്*

സഖ്യങ്ങൾ തെരഞ്ഞെടുപ്പു രംഗത്ത് ഉണ്ടായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്, സിപിഐ, ആർ.എസ്.വി, പി.എസ്.പി, മുസ്ലീംലീഗ് എന്നിവർ ഉൾപ്പെടുന്ന ഭരണകക്ഷി മുന്നണിയും, സിപിഎം, എസ്.എസ്.പി, കെ.എസ്.പി. കെ.ടി.പി, ഐ.എസ്.പി എന്നിവർ ഉൾപ്പെടുന്ന പ്രതിപക്ഷമുന്നണിയും കേരളാ കോൺഗ്രസ്, കോൺഗ്രസ് നിജലിംഗപ്പ ഗ്രൂപ്പ് എന്നിവർ ഉൾപ്പെടുന്ന മൂന്നാമത്തെ സഖ്യവുമായിരുന്നു അവ. ഇന്ത്യൻ നാഷണൽ കോൺഗ്രസും ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടിയും ഉൾപ്പെട്ട മുന്നണി വ്യക്തമായ ഭൂരിപക്ഷം (79) നേടി വിജയിച്ചു.

1970 ഒക്ടോബർ നാലാം തീയതി അച്യുതമേനോന്റെ നേതൃത്വത്തിലുള്ള രണ്ടാം മന്ത്രിസഭ അധികാരമേറ്റു. ആദ്യം കോൺഗ്രസ്സ് ഈ മന്ത്രിസഭയിൽ പങ്കാളിയാകാതെ പുറത്തുനിന്നു പിൻതുണ നല്കി. എന്നാൽ 1971 സെപ്റ്റംബർ 20-ാം തീയതി



*എം.എൻ. ഗോവിന്ദൻ നായർ*

കോൺഗ്രസ്സ് പാർട്ടി മന്ത്രിസഭയിൽ ചേർന്നു. 1975 ആയപ്പോഴേക്കും കേരളകോൺഗ്രസും മന്ത്രിസഭയിൽ ചേർന്നു. കേരളത്തിൽ കാലാവധി പൂർത്തിയാക്കിയ ആദ്യത്തെ മന്ത്രിസഭയായിരുന്നു ഇത്. ഇടതു മുന്നണി ഘടക കക്ഷികളായ കോൺഗ്രസ്സിന്റെയും മുസ്ലീംലീഗിന്റെയും യുവജന വിഭാഗങ്ങൾ തമ്മിൽ ചെറിയ അപസ്വരങ്ങൾ ഉണ്ടായി. എന്നാൽ, സിപിഐയും മുസ്ലീംലീഗും തമ്മിൽ നല്ല ബന്ധമായിരുന്നു. മുസ്ലീംലീഗിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ സിപിഐ വിജയിച്ചു. പ്രതിപക്ഷപാർട്ടികൾ എതിർക്കുകയും ചെയ്തു. മലബാർ കലാപത്തിൽ (മാപ്പിള ലഹള) പങ്കെടുത്തവർക്കു സ്വാതന്ത്ര്യസമര പെൻഷൻ അനുവദിച്ചു. മുസ്ലീം വിശേഷ ദിവസങ്ങളിൽ പ്രത്യേക അവധിയും, റേഷൻ വിതരണവും നടത്തുകയും ചെയ്തു.

ഈ കൂട്ടുകക്ഷി മന്ത്രിസഭയ്ക്കു നയപരമായ പല നല്ല കാര്യങ്ങളും ചെയ്യാൻ കഴിഞ്ഞു. കർഷകതൊഴിലാളി ബിൽ, സർവ്വകലാശാല നിയമങ്ങൾ, ഭൂപരിഷ്കരണനിയമം ഇവയൊക്കെ ഗവൺമെണ്ടിന്റെ നേട്ടങ്ങളായിരുന്നു, ഭൂ



*ഇന്ദിരാഗാന്ധി*

മിയില്ലാത്തവർക്കു മിച്ച ഭൂമി വിതരണം ചെയ്തുകൊടുക്കാനുള്ള നിയമം പാസ്സാക്കുവാൻ സാധിച്ചതു വളരെ പ്രധാനപ്പെട്ടകാര്യമായി കണക്കാക്കാം. സ്വകാര്യ വനഭൂമി ദേശസാൽക്കരിച്ചു. ഭൂപരിഷ്കരണത്തിന്റെ പിൻതുടർച്ചയായി വരേണ്ട വ്യവസായവൽക്കരണത്തിനു നാന്ദികുറിച്ചുകൊണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിച്ചു. കേരളം ഇലക്ട്രോണിക്സ് വ്യവസായരംഗത്തേക്കു പ്രവേശിച്ചു. ദുർബല വിഭാഗങ്ങൾക്കു വേണ്ടിയുള്ള സമഗ്രപാർപ്പിട പദ്ധതിയായ ലക്ഷം വീടു പദ്ധതി ആരംഭിച്ചു. സ്വകാര്യ കോളജുകളിലെ ഫീസ് ഏകീകരിച്ചു. കോളജ് അധ്യാപകർക്കു ഡയറക്ട് പേമെന്റ് ഏർപ്പെടുത്തി. വിവാദപരമായ "ഡയസ്നോൺ" ഏർപ്പെടുത്തി. പൊതുജനാരോഗ്യരംഗത്തു വമ്പിച്ച നേട്ടങ്ങൾ ഉണ്ടായി. ഇടുക്കി ജലവൈദ്യുതി പദ്ധതി പൂർത്തിയാക്കി രാജ്യത്തിനു സമർപ്പിച്ചു.

സിപിഐ, നേതൃത്വത്തിലുള്ള കൂട്ടുകക്ഷി ഗവൺമെണ്ടിനെ തികച്ചും വൈരനിര്യാതന ബുദ്ധിയോടുകൂടിയാണു സിപിഎം. നേതൃത്വം കണ്ടത്. അതുകൊണ്ടുതന്നെ അനാവശ്യവും അസംബന്ധ പൂർണ്ണവുമായ

കൂട്ടുകക്ഷി മന്ത്രിസഭയ്ക്കു നയപരമായ പല നല്ല കാര്യങ്ങളും ചെയ്യാൻ കഴിഞ്ഞു. കർഷകതൊഴിലാളി ബിൽ, സർവ്വകലാശാല നിയമങ്ങൾ, ഭൂപരിഷ്കരണനിയമം ഇവയൊക്കെ ഗവൺമെണ്ടിന്റെ നേട്ടങ്ങളായിരുന്നു, ഭൂമിയില്ലാത്തവർക്കു മിച്ച ഭൂമി വിതരണം ചെയ്തുകൊടുക്കാനുള്ള നിയമം പാസ്സാക്കുവാൻ സാധിച്ചതു വളരെ പ്രധാനപ്പെട്ടകാര്യമായി കണക്കാക്കാം. സ്വകാര്യ വനഭൂമി ദേശസാൽക്കരിച്ചു. ഭൂപരിഷ്കരണത്തിന്റെ പിൻതുടർച്ചയായി വരേണ്ട വ്യവസായവൽക്കരണത്തിനു നാന്ദികുറിച്ചുകൊണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിച്ചു. കേരളം ഇലക്ട്രോണിക്സ് വ്യവസായരംഗത്തേക്കു പ്രവേശിച്ചു. ദുർബല വിഭാഗങ്ങൾക്കു വേണ്ടിയുള്ള സമഗ്രപാർപ്പിട പദ്ധതിയായ ലക്ഷം വീടു പദ്ധതി ആരംഭിച്ചു. സ്വകാര്യ കോളജുകളിലെ ഫീസ് ഏകീകരിച്ചു. കോളജ് അധ്യാപകർക്കു ഡയറക്ട് പേമെന്റ് ഏർപ്പെടുത്തി. ഇടുക്കി ജലവൈദ്യുതി പദ്ധതി പൂർത്തിയാക്കി രാജ്യത്തിനു സമർപ്പിച്ചു.



*കെ. കരുണാകരൻ*

ഒട്ടനവധി സമരങ്ങളുടെ വേലിയേറ്റം തന്നെ ഉണ്ടായി. 1967ലെ ഇ.എം.എസ്സ് ഗവൺമെണ്ടിന്റെ കാലത്തു സിപിഎം. മന്ത്രി ആയിരുന്ന ഇമ്പിച്ചിബാവ അവിഹിതമായി നിയമിച്ച ട്രാൻസ്പോർട്ടു ജീവനക്കാരെ പിരിച്ചുവിടുവാനും കെ. എസ്സ്.ആർ.ടി.സി. നിയമനങ്ങൾ പി.എസ്.സിക്കു വിടുവാനും അച്യുതമേനോൻ ഗവൺമെണ്ടു തീരുമാനിച്ചു. അതിനെതിരെ സി.പി.എം നടത്തിയ ആക്രമസമരങ്ങൾ, മട്ടന്നൂരിലെ ബസ്സു തീവയ്പ്പിൽ നാലു നിരപരാധികളുടെ ജീവൻ ഒടുക്കിക്കൊണ്ടാണ് അവസാനിച്ചത്. ഭൂരിപരിഷ്കരണ നിയമപ്രകാരം മിച്ചഭൂമി കണ്ടെത്തി ഏറ്റെടുക്കുവാനുള്ളനടപടികൾ സർക്കാർ ആരംഭിച്ചു. ഈ അവസരത്തിൽ "മിച്ചഭൂമി" പിടിച്ചെടുക്കൽ സമരവുമായി സി.പി.എം രംഗത്തു വന്നു. സംസ്ഥാന സർക്കാർ ജീവനക്കാർക്കിടയിലിലും അധ്യാപകർക്കിടയിലും ഗണ്യമായ സ്വാധീനം സി.പി.എം. നിയന്ത്രണത്തിലുള്ള സംഘടനകൾക്കായിരുന്നു. അതു രാഷ്ട്രീയമായി മുതലാക്കുവാൻ

**സിപിഐ, നേതൃത്വത്തിലുള്ള കൂട്ടുകക്ഷി ഗവൺമെണ്ടിനെ തികച്ചും വൈരനിര്യാതന ബുദ്ധിയോടുകൂടിയാണു സിപിഎം. നേതൃത്വം കണ്ടത്. അതുകൊണ്ടുതന്നെ അനാവശ്യവും അസംബന്ധ പൂർണ്ണവുമായ ഒട്ടനവധി സമരങ്ങളുടെ വേലിയേറ്റം തന്നെ ഉണ്ടായി.**

തന്നെ സി.പി.എം തീരുമാനിച്ചു. 1972ൽ സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും ആഴ്ചകളോളം നീണ്ടുനിന്ന പണിമുടക്കം നടന്നു. ഈ പണിമുടക്കു നേരിടുന്നതിനുവേണ്ടിയാണു ഡയസ്നോൺ ഏർപ്പെടുത്തിയത്. 1980ൽ സിപിഎം വീണ്ടും അധികാരത്തിൽ എത്തുന്നതുവരെ ഡയസ്നോണിനെ പല്ലും നഖവും ഉപയോഗിച്ച് എതിർത്തിരുന്നു. എന്നാൽ, 1980നു ശേഷം സിപിഎം. ഈ നിലപാടിൽ നിന്നും പിറകോട്ടുപോയി.

സ്വകാര്യകോളജ് അധ്യാപകരുടെ ഡയറക്ട് പേമെന്റും ഫീസ് ഏകീകരണവും വന്നതോടെ ന്യൂനപക്ഷ അവകാശ സംരംക്ഷണത്തിന്റെ പേരിൽ സ്വകാര്യ മാനേജ്മെണ്ട് ഗവൺമെണ്ടിനെതിരായി, പ്രക്ഷോഭത്തിനൊരുങ്ങി. സിപിഎം സമരത്തെ പരോക്ഷമായിട്ടെങ്കിലും പിൻതുണച്ചു. കർഷക തൊഴിലാളികൾക്കു പ്രോവിഡണ്ട്ഫണ്ടും ഗ്രാറ്റിറ്റിയും വ്യവസ്ഥ ചെയ്യുന്ന നിയമം അച്യുതമേനോൻ ഗവൺമെണ്ട് കൊണ്ടുവന്നു. കർഷകർ ഭൂമിയുടെ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധിലേക്കു വിഹിതം അടയ്ക്കണമെന്നു ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നു. ഇതിനെതിരെ കർഷകരുടെ പ്രതിഷേധം ഇളക്കിവിടുകയും ഒപ്പം, ക്ഷേമനിധിക്കുവേണ്ടി കർഷകതൊഴിലാളികളെക്കൊണ്ടു സമരം ചെയ്യിക്കുകയും ചെയ്യുന്ന സമീപനമാണു സിപിഎം സ്വീകരിച്ചത്.

ഈ കാലയളവിൽ മാർക്സിസ്റ്റു പാർട്ടിയും അതിന്റെ ബഹുജന സംഘടനകളും കേരളത്തിലുടനീളം അവരുടെ സ്വാധീനം വർധിപ്പിച്ചു. കോൺഗ്രസ്സു വിരോധം ഉപയോഗിച്ച് കോൺഗ്രസ്സുമായി സഖ്യത്തിലേർപ്പെട്ട സിപിഐയെ സമർത്ഥമായി എതിർക്കുന്നതിനും അവർ കമ്യൂണിസ്റ്റുകളേ അല്ലാ എന്നു വരുത്തിത്തീർക്കുന്നതിലും സിപിഎം. ഒരു പരിധിവരെ വിജയിച്ചു. നല്ല ഭരണമുണ്ടായാൽ സംഘടന താനേ ഉണ്ടായിക്കൊള്ളും എന്ന മനോഭാവമായിരുന്നു സിപിഐ നേതൃത്വത്തിന്റേത്. തൊഴിലാളി രംഗത്തു സിപിഎം നേതൃത്വത്തിലുള്ള സി.ഐ.റ്റി.യു അമിതമായ അവകാശങ്ങൾ ഉന്നയിച്ചുകൊണ്ടു തൊഴിലാളികളെ വിധ്വംസക സമരങ്ങളിലേക്കു തള്ളി വിടുന്നതിനും അതുവഴി തങ്ങളുടെ സ്വാധീനം ഉറപ്പിക്കുന്നതിനും പരിശ്രമിച്ചു. കർഷകതൊഴിലാളി മേഖലയിലും സിപിഎം നേതൃത്വത്തിലുള്ള സംഘടനകൾ മുന്നേറി. യഥാർത്ഥ വിപ്ലവകാരികൾ തങ്ങളാണെന്നു വരുത്തി തീർത്ത സിപിഎമ്മിനു വിദ്യാർത്ഥിയുവജനരംഗത്തും മേൽ കൈ നേടുവാൻ കഴിഞ്ഞു. കോൺഗ്രസ്സുമായുള്ള രാഷ്ട്രീയ സഖ്യവും അടിയന്തരാവസ്ഥയെ പിൻതുണച്ചതും ഭരണനേതൃത്വവുമെല്ലാം ഈ രംഗങ്ങളിൽ സിപിഐക്കു തിരിച്ചടിയായി.

എന്തിനും ഏതിനും ഭരണപക്ഷത്തെ അന്ധമായി എതിർക്കുകയെന്ന സമീപനമാണ് ഇക്കാലമത്രയും സിപിഎം. അവലംബിച്ചത്. 1976 ജൂൺ 26ന് അടിയന്തരാവസ്ഥാ പ്രഖ്യാപിച്ചു. അടിയന്തരാവസ്ഥയിലെ അതിക്രമങ്ങളും ജനാധിപത്യ ധ്വംസനങ്ങളും താരതമ്യേന കേരളത്തിൽ കുറവായിരുന്നു. എന്നിരുന്നാലും അടിയന്തിരാവസ്ഥാ പ്രഖ്യാപനത്തോടെ കേരളത്തിലെ ആഭ്യന്തരവകുപ്പും ആഭ്യന്തരമന്ത്രിയുടെ ഓഫീസും ഒരു പുതിയ അധികാര കേന്ദ്രമായി മാറി. പലപ്പോഴും മുഖ്യമന്ത്രിക്കു പോലും നിശ്ശബ്ദതപാലിക്കേണ്ടിവന്നു. ഒടിവിൽ സിപിഐയും കോൺഗ്രസ്സിൽ തന്നെ ചിലരും ഇതിനെതിരെ രംഗത്തു വന്നു. രാജൻ കേസ്സ് തുടങ്ങിയുള്ള മനുഷ്യാവകാശ ലംഘനങ്ങളും പൗരാവകാശ ധ്വംസനങ്ങളും ആ ഗവൺമെണ്ടിന്റെ പ്രതിച്ഛായയ്ക്കുമേൽ കരിനിഴൽ വീഴ്ത്തി.

(എങ്കിലും, സി. അച്യുതമേനോന്റെ ഭരണകാലം കേരളത്തിന്റെ സുവർണ്ണദശയായി കണക്കാക്കാവുന്നതാണ്. അതിന്റെ തെളിവാണ്, 1977 മാർച്ചു 17നു നടന്ന തെരഞ്ഞെടുപ്പിൽ ഭരണമുന്നണിക്കുണ്ടായ വൻവിജയം. 140ൽ 111 സീറ്റുകൾ സമ്മാനിച്ചുകൊണ്ടായിരുന്നു കേരളജനത അച്യുതമേനോൻ മന്ത്രിസഭയുടെ ഭരണത്തിലുള്ള സംതൃപ്തി അറിയിച്ചത്. മേനോൻ കേരളം കണ്ട ഏറ്റവും മികച്ച മുഖ്യമന്ത്രിയായി അംഗീകരിക്കപ്പെടുകയും ചെയ്തു.)

*(1991ൽ കേരള ചരിത്ര ദേശീയ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിൽ നിന്ന്)*

# തിഹാർ എന്ന അധ്യാത്മവിദ്യാലയം!

**സുദർശനം**

**കിളിരൂർ രാധാകൃഷ്ണൻ**

**ഇ**ക്കഴിഞ്ഞ ആഴ്ച തിഹാർ ജയിലിലെ ഉൾക്കാഴ്ചകൾ വർണിച്ചുകൊണ്ടുള്ള ഒരു ലേഖനം 'ദ വീക്' വാരിക കവർസ്റ്റോറിയായി കൊടുത്തിരുന്നു. ആ ലേഖനം അവസാനിക്കുന്നത് "ഇരുമ്പു ഗേറ്റുകളും, ഉയർന്ന മതിലുകളുമില്ലെങ്കിൽ തിഹാർ ജയിൽ ഒരാശ്രമത്തിനു തുല്യമാണ്" എന്ന വാക്യത്തോടെയാണ്. പക്ഷേ, എനിക്കാ ലേഖനം വായിച്ചപ്പോൾ തോന്നിയത് "ഇവിടമാണ് അധ്യാത്മവിദ്യാലയം" എന്നാണ്.

എഴുപത്തഞ്ചു ശതമാനം കുറ്റാരോപിതരെകൊണ്ടു (ശിക്ഷിക്കപ്പെടാത്തവർ-എന്നാൽ വിധികാത്തു കഴിയുന്നവരും-undertrials എന്ന് ഇംഗ്ലീഷ്) നിറഞ്ഞ ആ അധ്യാത്മ വിദ്യാലയത്തിൽ ഇപ്പോഴുള്ള പ്രമുഖർ എണ്ണിയാലൊടുങ്ങാത്ത കോടികൾ വിഴുങ്ങിയെന്നു പറയപ്പെടുന്ന എ.രാജ, ഒളിമ്പിക്സ് തട്ടിപ്പുവീരൻ കൽമാഡി, കലൈഞ്ജറുടെ കൺമണി കനിമൊഴി, റിലയൻസ്ഗ്രൂപ്പ് എം.ഡി.ഗൗതം ജോഷി, സീനിയർ വൈസ് പ്രസിഡണ്ട് ഹരി നായർ തുടങ്ങിയ ശതകോടീശ്വരന്മാരാണത്രെ!

ജയിലിൽ ഇവർക്ക് ഒരേ രീതിയിലുള്ള സൗകര്യങ്ങളാണു ലഭിക്കുന്നത്. 10x12 വലുപ്പത്തിലുള്ള ഒരു മുറി, അറ്റാച്ച്ഡ് ടോയ്‌ലറ്റ്, മുറിയിൽ ഒരു സിഎഫ്എൽ ബൾബ്, ഒരു ഫാൻ, ഒരു കലത്തിൽ കുടിവെള്ളം, ഒരു കിടക്ക, നാലു കമ്പിളികൾ ഇത്രയുമൊക്കെയാണു സൗകര്യങ്ങൾ. ഒരു സാധാരണ പൗരന്റെ നോട്ടത്തിൽ അതു തന്നെ ധാരാളം. കമ്പിളി രണ്ട് അധികമല്ലേ എന്നും തോന്നാം!



*തിഹാർ ജയിൽ*

പിന്നെ ശാപ്പാടിന്റെ കാര്യം. ഏതു വമ്പനും കൊമ്പനും, കൊമ്പന്റെ കൊമ്പ് ഒടിച്ചവനും ഒക്കെ പ്ലേറ്റുമായി ക്യൂ നിന്നു വേണം ഭക്ഷണം വാങ്ങാൻ. പഞ്ചനക്ഷത്ര ഹോട്ടലിലെ കുളിരിൽ മാത്രം ഭക്ഷണം കഴിച്ചു ശീലിച്ച ഇവർ പക്ഷേ, ക്ഷമയോടെ വരിനില്ക്കുന്നതൊന്ന് ആലോചിച്ചു നോക്കുക. പച്ചരിച്ചോറും പരിപ്പുകറിയും പച്ചക്കറിയുമാണു വിഭവങ്ങൾ. ചിക്കൻ സിക്സ്റ്റിഫൈവും, തണ്ടൂരിയുമൊന്നുമില്ലാതെ ഒരു നേരം ഭക്ഷണം കഴിക്കാത്തവരാണ് ഇതൊക്കെ വാരിവലിച്ചു കഴിക്കുന്നത്. "അപ്പിറ്റൈസർ" പോലും വേണ്ട!

വാസ്തവത്തിൽ ഇന്ത്യയിലെവിടെയെങ്കിലും സോഷ്യലിസമുണ്ടെങ്കിൽ അതു തിഹാർ ജയിലിലാണ് എന്നു നമുക്കു നിസ്സംശയം പറയാൻ കഴിയും. വിരൽത്തുമ്പിൽ ലോകം കറക്കി നടന്ന പഹയന്മാരും വെറും കള്ളനും മുന്തിയറപ്പനും ഒക്കെകൂടി ഒരേ വേഷത്തിൽ, ഒരേ ഭക്ഷണം കഴിച്ച്, ഒരേ രീതിയിൽ അന്തിയുറങ്ങുന്നതു മറ്റെവിടെ കാണാൻ കഴിയും?

വാസ്തവത്തിൽ ഇന്ത്യയിലെവിടെയെങ്കിലും സോഷ്യലിസമുണ്ടെങ്കിൽ അതു തിഹാർ ജയിലിലാണ് എന്നു നമുക്കു നിസ്സംശയം പറയാൻ കഴിയും. വിരൽത്തുമ്പിൽ ലോകം കറക്കി നടന്ന പഹയന്മാരും വെറും കള്ളനും മുന്തിയറപ്പനും ഒക്കെകൂടി ഒരേ വേഷത്തിൽ, ഒരേ ഭക്ഷണം കഴിച്ച്, ഒരേ രീതിയിൽ അന്തിയുറങ്ങുന്നതു മറ്റെവിടെ കാണാൻ കഴിയും? പക്ഷേ, ലേഖനം എഴുതിക്കൊണ്ടിരിക്കെ കേട്ടവാർത്ത കൽമാഡിക്കും മറ്റും പ്രത്യേക പരിഗണന കൊടുക്ക

ണമെന്നാണ്. അതു ശരിയാണെങ്കിൽ തിഹാറും വിഹാറാക്കാൻ കൽമാഡിമാർക്കു കഴിയും എന്നു നാം അറിയണം.

എങ്കിലും, ജീവിതം എന്ന പാഠപുസ്തകം ശരിക്ക് ഒന്നു വായിക്കാൻ കഴിയുന്നു എന്നതാണ് ഇവിടത്തെ അന്തേവാസികൾക്കു കിട്ടുന്ന ഏറ്റവും വലിയ അനുഗ്രഹം. എത്രയൊക്കെ ഉണ്ടാക്കിയാലും, എത്ര ഉന്നതങ്ങളിലെത്തിയാലും തരവഴികാട്ടിയാൽ അഴിമുറിയിലന്തിയും ഉറങ്ങാൻ യോഗമുണ്ടാകുമെന്ന് അവർ പുനർവായനയിൽ കണ്ടെത്താതിരിക്കില്ലല്ലോ. ഇവരെല്ലാം കുറ്റക്കാരാവണമെന്നില്ല. അല്ലെങ്കിൽ കുറ്റത്തിന്റെ ഗൗരവത്തിൽ ഏറ്റക്കുറച്ചിലുണ്ടാവാം. മിടുമിടുക്കന്മാർ വിചാരണയിൽ രക്ഷപ്പെട്ടെന്നും വരാം.



പക്ഷേ, ഈ കിടപ്പിന്റെ ഓർമ ഒരിക്കലും മാഞ്ഞുപോവില്ല. മഹാവിഷ്ണുവിനും പരമശിവനും പോലും ശനിദശ ബാധിക്കും എന്നു പറയുംപോലെ ജനങ്ങളുടെ കഴുത്തിൽ നുകം കെട്ടി തേരോടിച്ചവമ്പന്മാർക്കും ശനിദശ വന്നിരിക്കുന്നു. കേസിൽ പ്രതിയായാലുടനെ മുൻകൂർ ജാമ്യമെടുക്കുക, കസ്റ്റഡിയിൽ പെട്ടാലും പെരിയ വക്കീലന്മാരെ വച്ചു വാദിച്ചു ജാമ്യമെടുക്കുക, എന്നിട്ട് എ.സി. റൂമിലിരുന്നു കാശുവാരിയെറിഞ്ഞു കേസുകളിക്കുക എന്ന നടപ്പു സമ്പ്രദായം ഇവർക്കു വഴങ്ങാത്തതു കുറ്റാരോപിതർ ശരിക്കും കുറ്റം ചെയ്തവരാണെന്നു കോടതിക്കു ബോധ്യപ്പെട്ടതു കൊണ്ടായിരിക്കണമല്ലോ.

*ഒരു ദിവസമെങ്കിൽ ഒരു ദിവസം നിങ്ങളാമുറിയിൽ ഉപവസിക്കണം. വിശന്നു പൊരിഞ്ഞു വെറും തറയിൽ കിടക്കണം. എന്നിട്ടു തങ്ങൾ വഞ്ചിച്ച സഹജീവികളുടെ വിശപ്പും ദുരിതവും അനുഭവിച്ചറിയണം. അവരോടും ദൈവത്തിനോടും മനസ്സുകൊണ്ടു മാപ്പിരക്കണം. ഇനിയും തെറ്റായ വഴിയിൽ സഞ്ചരിക്കില്ലെന്നു പ്രതിജ്ഞയെടുക്കണം. അത്രയൊക്കെ ചെയ്യാൻ നിങ്ങൾ തയ്യാറായാൽ തിഹാർ ജയിൽ ഒരു മഹാവിദ്യാലയമായിമാറും. അധ്യാത്മ വിദ്യാലയം! ഏറ്റവും അർത്ഥവത്തായ, സമ്പൂർണമായ ബിരുദം ലഭിക്കുന്ന സർവകലാശാല.*

അതെന്തുമാകട്ടെ, പറഞ്ഞു വന്നതു സ്വർഗത്തിൽനിന്നു നൂലിൽ കെട്ടിയിറങ്ങിയവരെന്ന മട്ടിൽ അഭിജാതരായി നടിക്കുകയും അനാവശ്യങ്ങൾ മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത തിഹാർ നിവാസികൾക്ക് ഒരല്പം അധ്യാത്മിക ചിന്തയ്ക്കു പറ്റിയ അവസരമാണിതെന്നാണ്. ടോൾസ്റ്റോയിയുടെ കഥയിലെ കഥാപാത്രത്തെപ്പോലെ അന്തിയാവോളം ഓടിയിട്ട് ഓടി നേടിയതെല്ലാം പിന്നിലിട്ട് ആറടിമണ്ണുകൊണ്ടു തൃപ്തിയടയേണ്ടവരാണു തങ്ങളും എന്ന് ഒരു നിമിഷം ചിന്തിക്കാൻ ഇതിലും നല്ല സമയം വേറെയുണ്ടോ?

ലോകൈക സുഖങ്ങളെല്ലാം കൈപ്പിടിയിലുണ്ടായിരുന്നല്ലോ. ഇപ്പോഴും അതൊക്കെ ജയിലിനു പുറത്തു കാത്തിരിക്കുന്നുമുണ്ടല്ലോ. ചെറിയൊരു കാലം കഴിഞ്ഞാൽ വീണ്ടും അതൊക്കെ തിരിച്ചു കൈവരികയും ചെയ്തേക്കാം.

പക്ഷേ, സർ/മാഡം, ഒരേ ഒരു ദിവസമെങ്കിലും ഇവിടെ കിടന്നതോടെ ജീവിതത്തിന്റെ അർത്ഥം, അല്ലെങ്കിൽ അർത്ഥശൂന്യത നിങ്ങൾക്കു ഗ്രഹിക്കാൻ കഴിഞ്ഞില്ലേ? ഇതാണു മായ! മായാമയന്റെ മായാലീല. ഇതു നിങ്ങൾക്കു കിട്ടിയ സാമ്പിൾ ഡോസാണ്. ഒന്നുകൊണ്ടറിയേണം രണ്ടിന്റെ ബലാബലമെന്നുണ്ടല്ലോ. ഇന്നു നിങ്ങൾ ചെസ്സ്ബോർഡിലെ കരുക്കൾ മാത്രം. നിങ്ങളെ മുന്നോട്ടു നീക്കുന്നതും വെട്ടിയെറിയുന്നതും പോലീസോ, കോടതിയോ, മന്ത്രിമാരോ ഒന്നുമല്ല. എല്ലാം ആ മായാമയന്റെ കളിയാണ്. ലോകം കണ്ട അല്ലെങ്കിൽ കാണാത്ത ഏറ്റവും വലിയ ചതുരംഗകളിക്കാരനാണു മൂപ്പർ. ഞെളിഞ്ഞു നടക്കുമ്പോൾ ഇനിയെങ്കിലും ഓർക്കുക, വെറും കരുക്കൾ മാത്രം നമ്മൾ, കളിക്കുന്നത് അവനാണ് അവൻ!

അവനെ മറച്ചിട്ടു സ്വയം കളിക്കുന്നുവെന്നും എന്തൊക്കെ നേടുന്നുവെന്നും ഉള്ള മിഥ്യാധാരണകൾ ഇനിയെങ്കിലും മാറ്റുക. നിങ്ങൾക്കു ജീവിതത്തിൽ ലഭിക്കാവുന്ന ഏറ്റവും നല്ല അവസരമാണിത്. സ്വയം വിചാരണ ചെയ്യാനും, സ്വയം ശിക്ഷ വിധിക്കാനും പറ്റിയ അവസരം. ജനകോടികൾ വയർപൊരിഞ്ഞു കീറപ്പായകളിൽ ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുന്ന ഈ നാട്ടിലാണു നിങ്ങൾ സിക്സർ അടിച്ചുകൊണ്ടിരുന്നത്.

ഒരു ദിവസമെങ്കിൽ ഒരു ദിവസം നിങ്ങളാമുറിയിൽ ഉപവസിക്കണം. വിശന്നു പൊരിഞ്ഞു വെറും തറയിൽ കിടക്കണം. എന്നിട്ടു തങ്ങൾ വഞ്ചിച്ച സഹജീവികളുടെ വിശപ്പും ദുരിതവും അനുഭവിച്ചറിയണം. അവരോടും ദൈവത്തോടും മനസ്സുകൊണ്ടു മാപ്പിരക്കണം. ഇനിയും തെറ്റായ വഴിയിൽ സഞ്ചരിക്കില്ലെന്നു പ്രതിജ്ഞയെടുക്കണം. അത്രയൊക്കെ ചെയ്യാൻ നിങ്ങൾ തയ്യാറായാൽ തിഹാർ ജയിൽ ഒരു മഹാവിദ്യാലയമായിമാറും. അധ്യാത്മ വിദ്യാലയം! ഏറ്റവും അർത്ഥവത്തായ, സമ്പൂർണമായ ബിരുദം ലഭിക്കുന്ന സർവകലാശാല. ◇

പുനരാഖ്യാനം

മഹാഭാരതം - 128



# ധൃതരാഷ്ട്രരും ഗാന്ധാരിയും കുരുക്ഷേത്രത്തിലെത്തുന്നു

സവ്യസാചി

യുദ്ധം അവസാനിച്ചെങ്കിലും സമാധാനം ഇപ്പോഴും അകലെയാണ്. ഹസ്തിനപുരിയിൽ നൂറു മക്കളും ഏക ജാമാതാവും നഷ്ടപ്പെട്ട അന്ധദമ്പതികളുടെ ഉള്ളിലെ കദനാഗ്നി കെട്ടടങ്ങിയില്ല. ജ്ഞാനവൃദ്ധനായ വിദുരർ ലോകഗതിയുടെ വിചിത്രവും വൈരുധ്യാത്മകവുമായ അവസ്ഥാന്തരങ്ങളെക്കുറിച്ചു സുദീർഘമായി പ്രതിപാദിച്ച് അവരുടെ ഹൃദയങ്ങൾക്കു ദാർശനിക സാന്ത്വനം നല്കി. കത്തി നിന്ന ദുഃഖം ഒട്ടൊന്നു ശമിച്ചപ്പോൾ ധൃതരാഷ്ട്രർ പറഞ്ഞു: നമുക്കു യുദ്ധക്കളത്തിലേക്കു പോകണം. ഭർതൃനഷ്ടത്തിൽ വിലപിക്കുന്ന വധുക്കളെയും പുത്രനഷ്ടത്തിൽ കണ്ണീരൊഴുക്കുന്ന അമ്മമാരെയും കൂടെ വിളിക്കണം. പാണ്ഡവമാതാവു കുന്തിയോടും വരാൻ പറയണം.

കൗരവ മാതാപിതാക്കൾ കുരുക്ഷേത്ര ദർശനത്തിനു പോകുന്നതറിഞ്ഞു വ്യാസമഹർഷി പ്രത്യക്ഷനായി. തന്റെ പുത്രവധു ഗാന്ധാരിക്കു കണ്ണിന്റെ കെട്ടഴിക്കാതെ തന്നെ എല്ലാം വ്യക്തമായി കാണാൻ കഴിയുന്ന ദിവ്യദൃഷ്ടിയും തത്ക്കാലത്തേക്കു നല്കി.

വല്യച്ഛൻ കുരുക്ഷേത്രത്തിലെത്തുന്നതറിഞ്ഞു ശ്രീകൃഷ്ണനും യുധിഷ്ഠിരനും സഹോദരന്മാരും അദ്ദേഹത്തെ വിധിപ്രകാരം വരവേല്ക്കാനൊരുങ്ങി. ഉൾക്കണ്ണിൽ ആപത്തു തെളിഞ്ഞ ശ്രീകൃഷ്ണൻ, ദുര്യോധനൻ ഹസ്തിനപുരത്തിൽ പണ്ടുണ്ടാക്കിവച്ചിരുന്ന ഭീമസേനന്റെ ഇരുമ്പു പ്രതിമ രഹസ്യമായി കുരുക്ഷേത്രത്തിലെത്തിച്ചു. അതെന്തിനെന്ന് ആരോടും പറഞ്ഞുമില്ല.

യുദ്ധക്കളം കാണാനെത്തിയ ധൃതരാഷ്ട്രരെയും ഗാന്ധാരിയെയും യുധിഷ്ഠിരൻ അനുജന്മാരോടൊപ്പം വിധിയാംവണ്ണം സ്വീകരിച്ചു സത്ക്കരിച്ചു. സംപ്രീതനായ ധൃതരാഷ്ട്രർ പറഞ്ഞു: മക്കളേ വരിക, കണ്ണുകാണാനാവാത്ത വല്യച്ഛൻ നിങ്ങളെയൊന്നു കെട്ടിപ്പിടിച്ച് അനുമോദിക്കട്ടെ. കണ്ണുകൊണ്ടു കാണാനാവില്ലെങ്കിലും കൈകൾ കൊണ്ട് എന്റെ മക്കളെ എനിക്കൊന്നു കാണാമല്ലൊ.

ഇതുകേട്ടു യുധിഷ്ഠിരൻ, ധൃതരാഷ്ട്രരുടെ മുന്നിലെത്തി, വല്യച്ഛാ യുധിഷ്ഠിരൻ നമസ്ക്കരിക്കുന്നു എന്നു പറഞ്ഞു. ധൃതരാഷ്ട്രർ തന്റെ നീണ്ടുരുണ്ട കൈകൾ കൊണ്ടു പാണ്ഡവ ജ്യേഷ്ഠനെ ആശ്ലേഷിച്ചു മൂർദ്ധാവിൽ ചുംബിച്ചു.

പിന്നാലെ, 'വല്യച്ഛാ ഇതാ, ഞാൻ ഭീമൻ അങ്ങയെ വന്ദിക്കുന്നു' എന്നു പറഞ്ഞുതീരും മുമ്പേ കൃഷ്ണൻ ഭീമനെ ബലമായി തള്ളിമാറ്റി, കരുതിവച്ചിരുന്ന ഇരുമ്പു പ്രതിമ അന്ധരാജാവിന്റെ മുന്നിലേക്കു നീക്കിവച്ചു. 'വരൂ മകനേ, ഭീമസേനാ' എന്നു പറഞ്ഞ് ഇരുമ്പു ദണ്ഡുകൾ പോലെ കരുത്തുള്ള കൈകൾ കൊണ്ടു ഭീമനെ ദൃഢമായി ആശ്ലേഷിച്ചു. ആ ഇരുമ്പു പ്രതിമ കരഞ്ഞുകൊണ്ടു തകർന്നുവീണു! കാഴ്ചയില്ലാത്ത കണ്ണുകൾ തെരുതെരെ ചിമ്മിത്തുറക്കുന്നതിനിടയിൽ ധൃതരാഷ്ട്രർ കപടവിഷാദം നടിച്ചു കരഞ്ഞു പറഞ്ഞു: അയ്യോ, കഷ്ടം ഞാനെന്താണു ചെയ്തത്? എന്റെ മകനെ ഞാൻ ഞെക്കിക്കൊന്നു കളഞ്ഞുവോ? യുധിഷ്ഠിരാ, അർജുനാ, നകുലാ, സഹദേവാ, ഈ മുത്തച്ഛനോടു പൊറുക്കണേ.

അപ്പോൾ ശ്രീകൃഷ്ണൻ പറഞ്ഞു: മഹാരാജാവേ, വിഷമിക്കേണ്ട. ഭീമൻ മരിച്ചിട്ടില്ല. അങ്ങയുടെ ഹൃദയത്തിലെ ചതിചിന്ത എനിക്കു നേരത്തേ അറിയാമായിരുന്നു. അതുകൊണ്ടു ഭീമനു പകരം ഞാൻ അങ്ങയുടെ മുമ്പിലേക്കു നീക്കിവച്ചുതന്നതു ഭീമന്റെ ഇരുമ്പു പ്രതിമയായിരുന്നു. കഷ്ടം, കഷ്ടം! മക്കളെ നഷ്ടപ്പെട്ട ദുഃഖം പൊറുക്കാവുന്നതല്ലെങ്കിലും മഹാരാജാവേ, ഇത് അല്പം കടന്ന കൈയായിപ്പോയി. അങ്ങയുടെ പുറം കണ്ണുകൾക്കു മാത്രമല്ല അകക്കണ്ണുകൾക്കും കാഴ്ചയില്ലാതായിപ്പോയല്ലൊ. മക്കൾ സർവശക്തിയും ഉപയോഗിച്ചിട്ടും, എല്ലാ ചതികളും പ്രയോഗിച്ചിട്ടും കൊല്ലാൻ കഴിയാതെ പോയ ഭീമനെ വളരെ എളുപ്പത്തിൽ ഇല്ലാതാക്കാം എന്നങ്ങു മോഹിച്ചുകളഞ്ഞല്ലൊ.

ഇതു കേട്ട ധൃതരാഷ്ട്രർ ലജ്ജകൊണ്ടു മുഖം കുനിച്ചു. പിന്നെ കോപം ശമിച്ചു സൗമ്യനായി പാണ്ഡവരെ വാത്സല്യപൂർവം ആശ്ലേഷിച്ചു.

അപ്പോൾ പുത്രനഷ്ടത്തിൽ മനസ്സുനൊന്തു ഗാന്ധാരി അക്കഥകൾ തന്നെ പേർത്തും പേർത്തും ചിന്തിക്കുന്നതിനിടയിൽ കോപം കൊണ്ടു പ്രതികാരചിന്തയിലേക്കു വഴുതിപ്പോയി. വ്രതകർക്കശയായ ആ അമ്മയുടെ അഗ്നിതീക്ഷ്ണതയുള്ള ആത്മശക്തി പാണ്ഡവരെ ശപിച്ചു ഭസ്മമാക്കിയേക്കാം എന്നു ദിവ്യചക്ഷുസ്സുകൊണ്ടറിഞ്ഞ വ്യാസമുനി പെ



“എങ്കിലും ഭീമാ, ഒന്നുകൂടി ചോദിക്കട്ടെ. എന്റെ നൂറു പുത്രന്മാരെയും നീ തന്നെയാണല്ലോ കൊന്നത്. കുറ്റം കുറഞ്ഞ ഒരാളെയെങ്കിലും നീയെന്തേ ബാക്കിവയ്ക്കാഞ്ഞൂ?”

ട്ടെന്ന് അവിടെ പ്രത്യക്ഷമായി. അദ്ദേഹം കുരുമാതാവിനോടു പറഞ്ഞു: മകളേ, ഗാന്ധാരീ, കോപം ശമിപ്പിക്കു. പാണ്ഡവരെ ശപിക്കരുത്. എന്റെ വാക്കു കേൾക്കുക. പതിനെട്ടു ദിവസം മുമ്പു നിന്റെ പുത്രൻ നിന്നെ വന്ദിച്ച് അനുഗ്രഹം യാചിച്ചില്ലേ? 'അമ്മേ ശത്രുക്കളോടു പോരാടുന്ന എനിക്കു വിജയം ആശംസിക്കുക' എന്ന്? അപ്പോൾ നീയെന്താണു പറഞ്ഞതെന്നോർമ്മയില്ലേ? മകനേ, 'ധർമം എവിടെയാണോ അവിടെയാണു ജയം' എന്ന്? ഗാന്ധാരീ, നീ അന്നു പറഞ്ഞ വാക്കുകൾ ഇപ്പോൾ നിറവേറിയിരിക്കുന്നു. ധർമം പാണ്ഡവപക്ഷത്തായിരുന്നു. അതുകൊണ്ടവർ ജയിച്ചു, നിന്റെ മക്കൾ തോറ്റു. നിന്റെ വാക്കും ധർമതത്വവും ഓർമ്മിച്ചു മകളേ, ഇപ്പോൾ കോപം അടക്കുക. പാണ്ഡവരെ സ്വന്തം മക്കളായി കണ്ട് അനുഗ്രഹിക്കുക.

പെട്ടെന്നു ഗാന്ധാരി വല്ലാതെയായി. തന്റെ മനോവ്യാപാരമറിഞ്ഞു കാലേക്കൂട്ടി തടഞ്ഞ ഭർതൃപിതാവിനോടവർ ക്ഷമയാചിച്ചു: പിതാവേ, ക്ഷമിക്കണേ, മക്കൾ വധിക്കപ്പെട്ടതിന്റെ വിഷമം സഹിക്കാനാവാതെ എന്റെ മനസ്സങ്ങനെ ചിന്തിച്ചുപോയതാണ്. അങ്ങെന്നെ ഇപ്പോൾ മഹാവിപത്തിൽ നിന്നു രക്ഷിച്ചിരിക്കുന്നു. പിതാവേ, ക്ഷമിക്കണേ. അവൾ ആവർത്തിച്ചു ക്ഷമ ചോദിച്ചുകൊണ്ടു വ്യാസസന്നിധിയിൽ വിനീതയായി നിന്നു.

പാണ്ഡവരും എനിക്കു മക്കളാണ്. ഞാനവരെ അനുഗ്രഹിക്കുന്നു. ഗാന്ധാരി പറഞ്ഞു. കുറ്റം എന്റെ മക്കളുടെ ഭാഗത്താണ്. കർണന്റെയും ശകുനിയുടെയും ദുര്യോധനന്റെയും ദുശ്ശാസനന്റെയും തെറ്റുകൊണ്ടാണിതൊക്കെ സംഭവിച്ചത്. എങ്കിലും ധർമവിരുദ്ധമായി ദുര്യോധനന്റെ നാഭിക്കുതാഴെ ഭീമൻ ഗദകൊണ്ടു പ്രഹരിച്ചില്ലേ? വീണുപോയ അവന്റെ ശിരസ്സിൽ കാലുവച്ചില്ലേ? അതോർത്തപ്പോൾ ഞാൻ കോപിച്ചുപോയതാണ്. ജീവൻ രക്ഷിക്കാൻ വേണ്ടിയാണെങ്കിൽ പോലും മഹാത്മാക്കൾ നിശ്ചയിച്ചിരിക്കുന്ന സത്യമാർഗത്തിൽ നിന്നു ശൂരന്മാർ വ്യതിചലിക്കാൻ പാടുണ്ടോ?

അതുകേട്ടു ഭയപ്പെട്ടുപോയ ഭീമസേനൻ, ഗാന്ധാരിയെ കുമ്പിട്ടുകൊണ്ടു യാചിച്ചു: അമ്മേ, ക്ഷമിക്കണേ. ആത്മരക്ഷയ്ക്കുവേണ്ടിയാണു ഞാൻ യുദ്ധധർമം തെറ്റിച്ചത്. അമ്മയുടെ മകൻ എന്നോടു കാണിച്ച ചതികളും അങ്ങു മറക്കല്ലേ. കള്ളച്ചൂതു കളിച്ചു ജ്യേഷ്ഠനെയും ഞങ്ങളെയും കാടുകയറ്റിയതും ഓർക്കണേ. തീണ്ടാരിയായിരുന്ന പാർഷതിയെ സഭയിൽ വസ്ത്രാക്ഷേപം ചെയ്തതും ഓർമിക്കണേ. അന്നു ദുര്യോധനൻ വസ്ത്രം നീക്കി ഇടം തുടയിൽ താളം പിടിച്ചു പതിവ്രതയായ പാർഷതിയെ അപമാനിച്ചപ്പോൾ ഞാൻ സത്യം ചെയ്തിരുന്നല്ലൊ, 'നിന്റെ ആ തുട ഞാൻ ഗദകൊണ്ടു തകർക്കും' എന്ന്. അതു പാലിക്കുകയേ ഞാൻ ചെയ്തുള്ളു.

*ഹതോ f പി ലഭതേ സ്വർഗം*
*ഹത്വാ ച ലഭതേ യശ:*
*ഉഭയം നോ ബഹുഗുണം*
*നാസ്തി നിഷ്ഫലതാ രണേ*

(വധിക്കപ്പെട്ടാൽ സ്വർഗം ലഭിക്കും. വധിച്ചാൽ യശസ്സു നേടാം. രണ്ടും നമുക്കു നല്ലതു തന്നെ. യുദ്ധത്തിൽ നൈഷ്ഫല്യമില്ല.)

അതൊന്നും ഞാൻ മറന്നിട്ടില്ല. ഭീമാ, എങ്കിലും നീ എന്റെ മകൻ ദുശ്ശാസനന്റെ മാറുപിളർന്നു ചോര കുടിച്ചില്ലേ? സജ്ജനങ്ങൾക്കു നിരക്കാത്ത ഈ ക്രൂര കർമം ചെയ്യാൻ നിനക്കെങ്ങനെ തോന്നി?-ഗാന്ധാരി പിന്നെയും വിതുമ്പി.

ഞാനതു ചെയ്തില്ലമ്മേ, ഭീമൻ പറഞ്ഞു. അന്യന്റെ ചോര കുടിക്കുന്നതു സ്വന്തം ചോര കുടിക്കുന്നതിനു തുല്യമാണ്. ദുശ്ശാസനൻ എന്റെ സഹോദരൻ. അവന്റെ ചോര ഞാൻ കുടിക്കുകയോ? ഒരിക്കലുമില്ല. എന്റെ ചുണ്ടും പല്ലും കടന്ന് ഒരു തുള്ളി ചോര പോലും അകത്തേക്കു പോയിട്ടില്ലമ്മേ. ആ മഹാപാലം ഞാൻ ചെയ്തിട്ടില്ല ഭീമൻ തൊണ്ടയിടറി പറഞ്ഞു.

എങ്കിലും ഭീമാ, ഒന്നുകൂടി ചോദിക്കട്ടെ. എന്റെ നൂറു പുത്രന്മാരെയും നീ തന്നെയാണല്ലൊ കൊന്നത്. കുറ്റം കുറഞ്ഞ ഒരാളെയെങ്കിലും നീയെന്തേ ബാക്കിവയ്ക്കാഞ്ഞു? അന്ധരായ ഞങ്ങൾക്കു വാർധക്യത്തിൽ ശുശ്രൂഷചെയ്യാൻ ഒരാളെയെങ്കിലും നീ ഞങ്ങൾക്കു വിട്ടു തന്നില്ലല്ലൊ. ഒരാളെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഉണ്ണീ, എനിക്കു നിന്നോടു കോപം ഉണ്ടാകുമായിരുന്നില്ല.

ഇത്രയും പറഞ്ഞു ഗാന്ധാരി അന്വേഷിച്ചു: എവിടെപ്പോയി നിങ്ങളുടെ രാജാവു യുധിഷ്ഠിരൻ? അതു കേട്ടു മുന്നോട്ടുവന്ന യുധിഷ്ഠിരൻ, ഇതാ ഞാൻ നിർഭാഗ്യവാനായ സോദര ഹന്താവു യുധിഷ്ഠിരൻ, അമ്മേ പൊറുക്കണേ. എന്നു പറഞ്ഞു ഗാന്ധാരിയെ വന്ദിച്ചു. അവളുടെ കോപമടങ്ങാത്ത കണ്ണുകൾ യുധിഷ്ഠിര പാദങ്ങളിൽ പതിച്ചു. പെട്ടെന്നു യുധിഷ്ഠിരന്റെ കാല്നഖങ്ങൾ കരിഞ്ഞുപോയി. അതു കണ്ടു ഭയപ്പെട്ട അർജുനൻ ശ്രീകൃഷ്ണന്റെ പിറകിൽ പോയൊളിച്ചു!

അപ്പോൾ പാഞ്ചാലി കരഞ്ഞുകലങ്ങിയ കണ്ണുകളോടെ കുന്തീദേവിയെ സമീപിച്ചു കരഞ്ഞു ചോദിച്ചു: അമ്മേ, അഭിമന്യു ഉൾപ്പെടെയുള്ള നിന്റെ പ്രിയപ്പെട്ട പൗത്രരെല്ലാം എവിടെ പോയി? അവരാരും നിന്നെ പേരു പറഞ്ഞു വന്ദിക്കാൻ വന്നില്ലല്ലൊ. മക്കളും കൊച്ചുമക്കളും നഷ്ടപ്പെട്ട നമുക്ക് അമ്മേ, ഇനിയെന്തിനു രാജ്യവും രാജഭോഗങ്ങളും?

പിന്നെയും പിന്നെയും കരച്ചിലടക്കാൻ പാടുപെടുന്ന പാഞ്ചാലിയെ സ്നേഹാർദ്രയായി ആശ്ലേഷിച്ചുകൊണ്ടു കുന്തി ആശ്വസിപ്പിച്ചു: മകളേ, കരയരുത്. എല്ലാം വിധി നിശ്ചയം. ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന് അന്നേ ജ്ഞാനിയായ വിദുരർ പറഞ്ഞിരുന്നതാണ്. അന്നാർക്കും അതു ബോധ്യം വന്നില്ല. ഇപ്പോളിതാ, അതു സത്യമായിത്തീർന്നിരിക്കുന്നു. നിന്നെ ആശ്വസിപ്പിക്കാൻ ഞാൻ വിഷമിക്കുന്നു. എന്നെ ആരാ ആശ്വസിപ്പിക്കുക? കുന്തി നിരുദ്ധകണ്ഠയായി.

അപ്പോൾ യാഥാർത്ഥ്യബോധം വന്ന ഗാന്ധാരി, കണ്ണീർ തുടച്ചുകൊണ്ടു മറ്റു സ്ത്രീകളോടായി പറഞ്ഞു: വരൂ നമുക്കു യുദ്ധക്കളത്തിലേക്കു നീങ്ങാം. അവിടെ നമ്മുടെ മക്കളെയും പൗത്രരെയും സുഹൃത്തുക്കളെയും ഒക്കെ ഒരു നോക്കു കണ്ടു മടങ്ങാം. കുന്തിയുൾപ്പെടെ എല്ലാ സ്ത്രീകളും ഗാന്ധാരിയോടൊപ്പം ആ കുരുതിക്കളത്തിലേക്കു നീങ്ങി. *(തുടരും)*



# ശത്രുബലം കണ്ടറിയണം, കൊണ്ടല്ല

കഥകേട്ടുകഴിഞ്ഞപ്പോൾ പക്ഷികൾക്കെല്ലാം ബോധ്യമായി. വയസ്സൻ നീർക്കാക്കയുടെ ഉപദേശം തേടുന്നതായിരിക്കും ബുദ്ധി എന്ന്. പക്ഷിക്കൂട്ടം നേരേ പറന്നെത്തി വയസ്സൻ നീർകാക്കയോടു സഹായം തേടി. സംഗതികളൊക്കെ കേട്ടുകഴിഞ്ഞപ്പോൾ വയസ്സൻ നീർകാക്ക പറഞ്ഞു.

ശത്രുബലം കണ്ടറിയണം. നിങ്ങൾ പക്ഷിരാജനായ ഗരുഡനെ സമീപിക്കൂ. അദ്ദേഹത്തിനു മാത്രമേ നിങ്ങളെ സഹായിക്കാൻ കഴിയൂ. നിങ്ങൾ അദ്ദേഹത്തെക്കണ്ടു കരഞ്ഞു കണ്ണീരൊഴുക്കണം.അദ്ദേഹത്തിന്റെ മനസ്സലിയും. തന്റെ കുലത്തിൽപെട്ട കുളക്കോഴിക്കു നേരിട്ട അപമാനം തനിക്കുതന്നെ നേരിട്ടതായി അദ്ദേഹം പരിഗണിക്കും.

ഉടനെ പക്ഷിക്കൂട്ടം ഗരുഡസന്നിധിയിലേക്കു വച്ചുപിടിച്ചു. മഹാവിഷ്ണുവിന്റെ വാഹനമായ ഗരുഡൻ മഹാവിഷ്ണുവിന്റെ സന്നിധിയിലേക്കു പുറപ്പെടാൻ ഒരുങ്ങുകയായിരുന്നു. പ്രായത്തിൽ മുതിർന്ന പക്ഷി ഗരുഡന്റെ മുമ്പിൽ താണുതൊഴുതു. അവൻ പറഞ്ഞു:



പ്രഭോ, അടിയങ്ങൾക്ക് അങ്ങുമാത്രമേ തുണയുള്ളൂ. ഈ പാവം കുളക്കോഴി അവൾ ഇട്ട മുട്ടകൾ അഹങ്കാരിയായ സമുദ്രം തട്ടിയെടുത്തു. ശക്തമായ തിരമാലകൾ ഉയർത്തി സമുദ്രം ഞങ്ങളെ ഭയപ്പെടുത്തുകയാണ്. അങ്ങ് ഇവളുടെ മുട്ടകൾ തിരികെ എടുത്തു തരണം.

പീഡയനുഭവിക്കേണ്ടിവരുന്ന പ്രജകളുടെ ദുഃഖത്തിന് അറുതി വരുത്തേണ്ടതു രാജധർമം എന്നു ചിന്തിച്ചു കൊണ്ട് ഗരുഡൻ ഒരു തീരുമാനത്തിലെത്തി. തന്റെ ഒരു പാവം പ്രജയുടെ മുട്ട തട്ടിയെടുത്ത സമുദ്രത്തെ ഇന്നു തന്നെ വറ്റിച്ചു കളയണം.

ഇങ്ങനെ ഗരുഡൻ മനസ്സിൽ ഉറച്ചൊരു തീരുമാനമെടുത്ത സമയം തന്നെ വിഷ്ണുദൂതന്മാർ അവിടെയെത്തി അറിയിച്ചു.

ഭഗവാൻ നാരായണന് ഏതോ അത്യാവശ്യകാര്യത്തിനായി ദേവേന്ദ്രന്റെ കൊട്ടാരമായ അമരാവതിയിലേക്കു പോകേണ്ടതുണ്ട്. അങ്ങ് എത്രയും വേഗം നാരായണ സന്നിധിയിൽ എത്തണം.

ഇതു കേട്ട ഗരുഡന്റെ മറുപടി ഇതായിരുന്നു.

മറ്റാരെയെങ്കിലും എന്റെ സ്ഥാനത്തു നിയമിച്ചു യാത്ര പുറപ്പെടാൻ അവിടുത്തോടു പറയണം.

ഈ മറുപടി കേട്ടു ദൂതന്മാർ വിസ്മയിച്ചു. അവർ ഗരുഡനോടു ചോദിച്ചു.

അങ്ങ് ഇങ്ങനെയൊന്നും ഭഗവാൻ നാരായണനോടു സംസാരിക്കാറില്ലല്ലോ? ഇപ്പോൾ വിശേഷിച്ചെന്തുണ്ടായി?

ഗരുഡൻ ഗൗരവത്തോടെ പറഞ്ഞു: ഭഗവാന്റെ ആശ്രിതനല്ലേ സമുദ്രം. ആ സമുദ്രം എന്റെ സ്വന്തമായ കുളക്കോഴിയുടെ മുട്ടകൾ അപഹരിച്ചു. സമുദ്രത്തെ ശിക്ഷിക്കണം. കുളക്കോഴിയുടെ മുട്ടകൾ തിരികെ കൊടുപ്പിക്കണം. എന്നിട്ടേ ഞാൻ ഇനി വിഷ്ണു സമക്ഷത്തിലേക്കുള്ളൂ.

തന്റെ ഇഷ്ടവാഹനമായ ഗരുഡന്റെ പിണക്കം തീർക്കുക തന്നെ. ഉടനെ വിഷ്ണുഭഗവാൻ ഗരുഡന്റെ ആസ്ഥാനമായ രുഗ്മപുരത്തെത്തി.

ഭഗവാനെക്കണ്ട ഗരുഡൻ ലജ്ജിച്ചു തലകുനിച്ചു പോയി. ഭഗവാൻ നേരിട്ടെഴുന്നെള്ളുമെന്നു ഗരുഡൻ കരുതിയില്ല. ഗരുഡൻ പറഞ്ഞു.

ഭഗവാനേ, പാവം കുളക്കോഴികൾ. എന്റെ ആശ്രിതരാണിവർ. ഇവരുടെ മുട്ടകൾ അങ്ങയുടെ ആശ്രിതനായ സമുദ്രം അപഹരിച്ചു. എനിക്ക് ഇതു വലിയ അപമാനം വരുത്തിയിരിക്കുകയാണ്. അങ്ങു കുളക്കോഴിയുടെ മുട്ടകൾ വീണ്ടെടുത്ത് അനുഗ്രഹിക്കണം.

ഉടൻ തന്നെ ഭഗവാനും ഗരുഡനും പക്ഷിക്കൂട്ടവും സമുദ്രതീരത്തേക്കു തിരിച്ചു. തീരത്തെത്തിയതും ഭഗവാൻ സമുദ്രത്തിനു നേരെ ആഗ്നേയാസ്ത്രം തൊടുത്തിട്ടു പറഞ്ഞു,.

എടോ സമുദ്രമേ, നീ ഈ പാവം കുളക്കോഴിയുടെ മുട്ടകൾ ഉടനെ തിരികെ കൊടുക്കൂ. ഇല്ലെങ്കിൽ ഇതാ ആഗ്നേയാസ്ത്രം നിന്റെ നേരേ അയയ്ക്കും. നിന്നെ വറ്റിച്ചു കളയും.

ഭഗവാന്റെ വാക്കു കേട്ട് സമുദ്രം ഭയപ്പെട്ടു. തിരമാലകൾ വേഗം മുട്ടകളെല്ലാം തീരത്തേക്കു പിന്നാലെ പിന്നാലെ കൊണ്ടുവന്നിട്ടു. പിടക്കോഴി വേഗം തന്നെ മുട്ടകൾ ചിറകിനടിയിൽ ഒതുക്കിവച്ചു.

വിഷ്ണുഭഗവാൻ ഗരുഡന്റെ വാഹനത്തിൽ അമരാവതിയിലേക്കും പോയി.

# അറിവിന്റെ വഴികാണിക്കുന്ന മാലാഖ

*പ്രിയ കൂട്ടുകാരേ,*

**വി**ജ്ഞാന കോശങ്ങൾ കൊണ്ടുള്ള പ്രയോജനം എന്തൊക്കെയാണെന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? അറിവിന്റെ മണിമുത്തകൾ വാരിനിറച്ച തോൾസഞ്ചികളാണു വിജ്ഞാന കോശങ്ങളെന്നു പ്രശസ്ത ഭാഷാ പണ്ഡിതനും മലയാളഭാഷയിലെ ആദ്യ വിജ്ഞാനകോശത്തിന്റെ ഉപജ്ഞാതാവുമായ മാത്യു എം. കുഴിവേലി സൂചിപ്പിച്ചിട്ടുണ്ട്.

ഒരു വിജ്ഞാനകോശം ഒരാൾ തന്നെ എഴുതിയുണ്ടാക്കുന്നതല്ല. ഓരോ വിഷയത്തിലും മിടുക്കുള്ള എഴുത്തുകാർ അതതു വിഷയങ്ങളിലെ അനേകം കാര്യങ്ങളെപ്പറ്റി കുറിപ്പുകൾ തയ്യാറാക്കും. അത്തരം കുറിപ്പുകളും അവരോടു ബന്ധപ്പെട്ട ചിത്രങ്ങളുമെല്ലാം അക്ഷരമാലാക്രമത്തിൽ അണിനിരത്തിയാണു വിജ്ഞാന കോശങ്ങൾ തയ്യാറാക്കുന്നത്.

മലയാളത്തിൽ ആദ്യമായുണ്ടായ വിജ്ഞാന കോശത്തിന്റെ സാരഥി മാത്യു എം. കുഴിവേലിയായിരുന്നു. വിജ്ഞാനം എന്ന പേരിൽ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ നാലു വാല്യങ്ങളായിട്ടാണ് അതു പ്രസിദ്ധീകരിച്ചത്. അതിനുശേഷം കോട്ടയം സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരിച്ച വിജ്ഞാന കോശത്തിന് ഒരു ഡസനോളം വാല്യങ്ങളുണ്ടായിരുന്നു. ഇക്കാലത്തു തന്നെ കേരളസർക്കാരിന്റെ മേല്നോട്ടത്തിൽ പ്രസിദ്ധീകരണമാരംഭിച്ച വിജ്ഞാനകോശം നിരവധി വാല്യങ്ങളിലായി ഇപ്പോഴും മുന്നേറുകയാണ്. ഇതിനിടയിൽ ഡിസിബുക്സ് നാലു വാല്യങ്ങളിലായി പുറത്തിറക്കിയ അഖിലവിജ്ഞാനകോശവും നല്ലൊരു റഫറൻസ് ഗ്രന്ഥമാണ്. പുരാണകഥാപാത്രങ്ങളെ അണിനിരത്തിയും പുരാണ സംഭവങ്ങൾ ചുരുക്കി വിവരിച്ചും വെട്ടംമാണി എന്ന ആചാര്യൻ തയ്യാറാക്കിയ പുരാണിക് എൻസൈക്ലോപീഡിയായും നമുക്കു ലഭിച്ച ഒരു പുണ്യമാണെന്നു പറയാം.

എല്ലാവർക്കും എല്ലാക്കാര്യങ്ങളും അറിയുക സാധ്യമല്ല. പല കാര്യങ്ങളും ആവശ്യം വരുന്ന സമയത്തു നാം അന്വേഷിച്ചറിയുകയാണു ചെയ്യുന്നത്. അങ്ങനെ അന്വേഷിച്ചറിയാൻ നമ്മെ സഹായിക്കുന്ന ഭീമൻ പുസ്തകങ്ങളാണു വിജ്ഞാനകോശങ്ങൾ.

കുട്ടികൾക്കുവേണ്ടി ഇംഗ്ലീഷിൽ ആദ്യമായി ഒരു വിജ്ഞാനകോശം ത്യായറാക്കിയത് ആർതർ മീ എന്ന പണ്ഡിതനാണ്. അദ്ദേഹം അതു തയ്യാറാക്കിയതിനു പിന്നിൽ രസകരമായ ഒരു കഥയുണ്ട്.

ഇംഗ്ലണ്ടിലെ ഒരു കൊച്ചു പെൺകുട്ടി ഓരോരോ സംശയങ്ങൾ ചോദിച്ച് അവളുടെ അമ്മയെ അലട്ടിക്കൊണ്ടിരുന്നു. ഇക്കാണുന്ന ആകാശം എന്താണ്? അതിൽ എത്ര നക്ഷത്രങ്ങളുണ്ട്? ആപ്പിൾ വീഴുന്നതുപോലെ എന്തുകൊണ്ട് അവയും താഴോട്ടു വീഴുന്നില്ല? എന്തിനാണു നക്ഷത്രങ്ങൾ കണ്ണുചിമ്മുന്നത്? ഈ മേഘങ്ങളെല്ലാം എവിടെ നിന്നു വരുന്നു? പൂവും കായും എങ്ങനെയുണ്ടാകുന്നു? പട്ടണത്തിലെ കോട്ട കെട്ടിയതാരാണ്? ഇങ്ങനെ അവളുടെ ചോദ്യങ്ങൾ നീണ്ടുപോയി. അവയ്ക്കെല്ലാം ഉത്തരം പറയാൻ കഴിയാതെ വിഷമിച്ച ആ മാതാവു തലയിൽ കൈവച്ചുകൊണ്ട് ഉറക്കെ പറഞ്ഞു. ഹൊ.. ഈ ചോദ്യങ്ങൾക്കൊക്കെ ഉത്തരം പറയാൻ കഴിയുന്ന ഒരു പുസ്തകമുണ്ടായിരുന്നെങ്കിൽ...

അടുത്തിരുന്ന ആർതർ മീ നിസ്സാഹായയായ ആ പാവം മാതാവിന്റെ ചോദ്യം കേൾക്കാനിടയായി. അത്തരം ഒരു പുസ്തകം തീർച്ചയായും വേണ്ടതാണെന്ന് അദ്ദേഹത്തിനു തോന്നി. അങ്ങനെയാണ് ആ മഹാന്റെ മേല് നോട്ടത്തിൽ ഇംഗ്ലീഷിൽ ആദ്യമായി ഒരു കുട്ടികളുടെ വിജ്ഞാനകോശം രൂപംകൊണ്ടത്.

കുട്ടിക്കാലം മുതൽതന്നെ വിദ്യാർത്ഥികൾ വിജ്ഞാനകോശങ്ങളുമായി ബന്ധപ്പെടണം. പുതിയൊരു കാര്യം അറിയേണ്ട ആവശ്യം വരുമ്പോൾ വിജ്ഞാന കോശം ഒരു മാലാഖപോലെ നിങ്ങൾക്കു വഴികാട്ടും. തീർച്ച.

*സസ്നേഹം*

**സിപ്പിയങ്കിൾ**

## കവിത

### പുതുമഴ



**പു**തുമഴ മണ്ണിനു ചിരിയാട്ടം
**പു**തുമഴ പുല്ലിനു കളിയാട്ടം
**പു**തുമഴ മണ്ണിനു മധുമഴയായ്
**പു**തുമഴ പൊൻമഴ, തെയ്താരാ

**തെരേസോ പീറ്റർ**

# ലണ്ടൻ

'സൂര്യനസ്തമിക്കാത്ത സാമ്രാജ്യ'ത്തിന്റെ തലസ്ഥാനമായിരുന്ന ലണ്ടന്റെ സമ്പന്നതയ്ക്കും ആഭിജാത്യത്തിനും ഇന്നും കുറവില്ല. നൂറുകണക്കിന് ആർട്ടു ഗാലറികളും മ്യൂസിയങ്ങളും ഇവിടെയുണ്ട്. ബ്രിട്ടീഷ് മ്യൂസിയം, നാഷണൽ ആർട്ട് ഗാലറി, നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, ഗ്രേറ്റ് ബ്രിട്ടൻ ആർട്ടു ഗാലറി എന്നിവ ഇവയിൽ പ്രധാനം. (നാലിലും പ്രവേശനം സൗജന്യം). തെംസ് നദിയുടെ ഇരുവശത്തുമായി നിരവധി പരമ്പരാഗത പബ്ബുകളുണ്ട്. 'ടവേരൻ' എന്ന് അറിയപ്പെടുന്ന ഇത്തരം പബ്ബുകളിൽ പലതും ഇരുനൂറു വർഷത്തെയെങ്കിലും ചരിത്രം അവകാശപ്പെടുന്നു. നദിയുടെ തെക്കുഭാഗത്തു സ്ഥിതി ചെയ്യുന്ന പടുകൂറ്റൻ കറങ്ങും ചക്രത്തിൽ ഒരേസമയം നൂറുകണക്കിനാളുകൾക്കു കയറി നഗരം കാണാം. ബ്രിട്ടീഷ് എയർവേസ് സ്ഥാപിച്ച ഈ ചക്രം 'ലണ്ടൻ ഐ' എന്ന് അറിയപ്പെടുന്നു. ലണ്ടന്റെ പുതിയ നഗരമുദ്രയായി ലണ്ടൻ ഐ മാറുകയാണ്.



*ലണ്ടൻ ഐ*

മറ്റു പ്രധാന ആകർഷണങ്ങൾ.

ബിഗ്ബെൻ, ടവർ ഓഫ് ലണ്ടൻ എന്നിവ പ്രധാന മുദ്രകളായുള്ള ലണ്ടൻ സമ്പൂർണ ഔപചാരിക



*ഗ്ലോബ് തിയേറ്റർ*



*ടവർ ഓഫ് ലണ്ടൻ*

നഗരമാണ്. യഥാർത്ഥ ഇംഗ്ലീഷുകാരൻ ഉപചാരവസ്ത്രങ്ങൾ ധരിക്കാൻ ഇഷ്ടപ്പെടുന്നു. മറ്റു യൂറോപ്യൻ നഗരങ്ങളിൽ കാണുന്ന ഫാഷൻ ഭ്രമം ലണ്ടനിൽ നന്നേ കുറവാണ്. കടുത്തനിറമുള്ള വസ്ത്രങ്ങൾ ധരിക്കാൻപോലും ശരാശരി ലണ്ടൻകാരനു മടിയുണ്ട്. പൊതുവെ മൂടിക്കെട്ടിയ കാലാവസ്ഥ കൂടിയാകുമ്പോൾ വയസ്സൻ നഗരം (ഗ്രേ ലണ്ടൻ) എന്നു മറ്റു യൂറോപ്യൻ നാഗരികർ ലണ്ടനെ വിളിക്കുന്നു. എങ്കിലും പഴമ, പാരമ്പര്യം, പ്രതാപം, ആഭിജാത്യം എന്നിവയിൽ ലണ്ടൻ നഗരം ഊറ്റംകൊള്ളുന്നു.

ബക്കിംഗ്ഹാം കൊട്ടാരം, വെസ്റ്റ്മിൻസ്റ്റർ ആബി, ഹൈഡ് പാർക്ക്, ഗ്ലോബ് തിയേറ്റർ, ദാലി യൂണിവേഴ്സ്, സെയ്ന്റ് പോൾ പള്ളി, ടവർ ബ്രിഡ്ജ്, മില്ലേനിയം ഡേ എന്നിവ

ലണ്ടന്റെ ഹൃദയഭാഗത്തെ ലണ്ടൻ നഗരമെന്നും, നഗരവത്കൃത പ്രദേശത്തെ വിശാല ലണ്ടൻ എന്നും വിളിക്കുന്നു. ലണ്ടനിലെ നാല് വിമാനത്താവളം (ഹീത്രോ, ഗാറ്റ്‌വിക്, ല്യൂട്ടൻ, സ്റ്റാൻസ്റ്റ



*നാഷണൽ ആർട്ട് ഗാലറി*



*ബിഗ്ബെൻ*

ഡ്) ബ്രിട്ടനിലെ പ്രധാന ഗതാഗത കേന്ദ്രങ്ങളാണ്. ദേശീയ വിമാനക്കമ്പനിയായ 'ബ്രിട്ടീഷ് എയർവേസി' നെക്കൂടാതെ നിരവധി സ്വകാര്യ വിമാനക്കമ്പനികളും ഇവിടെ സർ



*നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം*



*ബ്രിട്ടീഷ് മ്യൂസിയം*



*ട്യൂബ് റെയിൽ*

വീസ് നടത്തുന്നു. വിശാല നഗരത്തിൽ തലങ്ങും വിലങ്ങും ഓടുന്ന ഭൂഗർഭ തീവണ്ടി (മെട്രോ) സംവിധാനം ലോകത്തെ ഏറ്റവും പഴക്കം ചെന്നതെങ്കിലും ഇപ്പോഴും അങ്ങേയറ്റം കാര്യക്ഷമമാണ്. 'ട്യൂബ്' എന്നാണു ലണ്ടൻ ഭൂഗർഭ റെയിൽവേ അറിയപ്പെടുന്നത്. ഉപരിതല റെയിൽ ഗതാഗതത്തിൽ സ്വകാര്യപങ്കാളിത്തമുണ്ട്.

കടലിനടിയിലെ ചാനൽ ടണലിലൂടെ യൂറോപ്യൻ വൻകരയിലേക്കു യാത്ര നടത്തുന്ന യൂറോസ്റ്റാർ ലണ്ടനിലെ 'വാട്ടർലൂ' സ്റ്റേഷനിൽ നിന്നു പുറപ്പെടുന്നു. നാഷണൽ എക്സ്പ്രസ്, മെഗാബസ് തുടങ്ങിയവയാണു പ്രധാന വിദൂര ബസ് സർവീസുകൾ. ട്യൂബ് റെയിലും നഗരത്തിലെ മെട്രോ ബസ്സും നിയന്ത്രിക്കുന്നതു ടി.എഫ്.എൽ. എന്ന സർക്കാർ ഏജൻസിയാണ്.

# റബ്ബർ ടാപ്പർമാർക്കു പെൻഷൻ

*(6-ാം പേജിൽ നിന്നു തുടർച്ച)*

പിറ്റേന്നു പത്രത്തിൽ കാണുന്നത് ഈ വാർത്തയ്ക്കു മങ്ങലേൽപ്പിക്കുന്നതരത്തിലാണ്. ഏതു നല്ല കാര്യത്തിനും എതിർപ്പുണ്ടാകുക സാധാരണമാണല്ലോ. ഇതും അങ്ങനെതന്നെയെന്നു കരുതിയാൽ മതി.

2011 ജൂലൈ 1നു മനോരമയിൽ കണ്ടു തൊഴിലാളികളെ ഈ രംഗത്തു പിടിച്ചു നിർത്താൻ ടാപ്പിംഗുകാരോട് ഇൻഷ്വറൻസിൽ ചേരാനുള്ള ആഹ്വാനം. രണ്ടേക്കറിൽ കൂടുതൽ റബ്ബർ തോട്ടമുള്ളവരുടെ ടാപ്പിംഗുകാർക്കുമാത്രമേ ഈ ഇൻഷ്വറൻസിൽ ചേരാൻ പറ്റൂ. രണ്ടേക്കറിൽ കൂടുതൽ റബ്ബർ തോട്ടമുള്ളവർ 10% മാത്രമേയുള്ളൂ അതിൽനിന്നു മനസ്സിലാക്കാം ഒരു ന്യൂനപക്ഷത്തിനു മാത്രമാണ് ഇതിൽ ചേരാൻ സാധിക്കുക എന്ന്.

നമ്മുടെ സംസ്ഥാനത്തെ റബ്ബർടാപ്പർ ദൗലഭ്യത്തിന് അന്ത്യം വരുത്താൻ ഒരേ ഒരു വഴിയേയുള്ളൂ. അതു മറ്റൊന്നുമല്ല അവർക്കു പെൻഷൻ കൊടുക്കണം. അവർ റ്റാപ്പു ചെയ്തെടുക്കുന്ന റബ്ബർപാലിൽ നിന്നു സംസ്കരിച്ചെടുക്കുന്ന ഉല്പ്പന്നത്തിന്റെ അതായത് ഷീറ്റു റബ്ബറിന്റെയും ബ്ലോക്കുറബ്ബറിന്റെയും വിലയിൽനിന്നു സെസ്സായി എടുക്കുന്ന തുക കൊണ്ടുമതിയാകും.

റബ്ബർ ഉല്പാദനത്തിന്റെ വിലയുടെ 3% കൊണ്ടു സകല റ്റാപ്പർമാർക്കും മാസം 3000 രൂപ പ്രകാരമുള്ള പെൻഷൻ കൊടുക്കാൻ സാധിക്കുമെന്നു താഴെ കൊടുത്തിരിക്കുന്നു. കണക്കു ശ്രദ്ധിച്ചാൽ മനസ്സിലാക്കാം.

ഒരാൾക്ക് $7\frac{1}{2}$ ഏക്കർ റബ്ബർ തോട്ടമുണ്ടെന്നിരിക്കട്ടെ. $7\frac{1}{2}$ ഏക്കറിൽ 1500 തൈകൾ നട്ടിരിക്കും. ടാപ്പു ചെയ്യാൻ പാകത്തിൽ വളർന്നു കിട്ടുന്നത് 1200 എന്ന കണക്കാക്കാം. റബ്ബർ ബോർഡ് ശുപാർശ ചെയ്യുന്ന പ്രകാരം 3 ദിവസത്തിലൊരു ദിവസം റ്റാപ്പു ചെയ്യുന്നെന്നു കണക്കാക്കുക, അപ്പോൾ ദിവസം 400 മരം എന്ന പ്രകാരമുള്ള റ്റാപ്പിംഗായിരിക്കും റബ്ബർ തോട്ടത്തിൽ നടക്കുന്നത്. ഒരു ദിവസത്തെ റ്റാപ്പിംഗിൽ കിട്ടുന്ന ശരാശരി ഷീറ്റിന്റെ തൂക്കം 25 കിലോയിൽ കുറയുകയില്ല. അപ്പോൾ അങ്ങനെ 200 വെട്ടിനു 5000 കിലോ ഷീറ്റുകിട്ടും. 220 രൂപ പ്രകാരം അതിനു കിട്ടുന്ന വില 1100000/ ഈ തുകകൊണ്ടു റ്റാപ്പിംഗുകാരനു കൊടുക്കേണ്ട 3000 രൂപ പ്രകാരം 12 മാസത്തേത് 36000 രൂപ. ഇത് എത്രശതമാനം വരും? $3\frac{3}{11}$ %

റബ്ബർകൃഷിയിൽനിന്നും തുച്ഛമായ വരുമാനം മാത്രം കിട്ടിക്കൊണ്ടിരിക്കുന്ന കാലത്തു നിന്നും റബ്ബർ മേഖലയിൽ വൻ പുരോഗതി നേടിത്തരുവാൻ കഠിനാധ്വാനം ചെയ്യുന്ന റബ്ബർ ബോർഡ് ഈ പെൻഷൻ കാര്യത്തിസും അനുകൂലമായ നടപടികൾ സ്വീകരിക്കണം. വടക്കേ ഇന്ത്യയിലെ പുകയിലെ കൃഷിക്കാരേയും പരുത്തികൃഷിക്കാരേയും രക്ഷിക്കാൻ അവിടത്തെ ജനപ്രതിനിധികൾക്കു സാധിക്കുന്നുണ്ട്. കേരള സംസ്ഥാനത്തെ പ്രധാന നാണ്യവിളയായ റബ്ബർ കൃഷിക്കാരെ രക്ഷിക്കാൻ പെൻഷൻ കാര്യത്തിൽ അനുകൂലമായ നടപടികൾ സ്വീകരിക്കാൻ കേരളത്തിലെ ജനപ്രതിനിധികൾക്കും സാധിക്കണം. റബ്ബർ ടാപ്പർമാരുടെ അഭാവം ഒന്നുമാത്രംകൊണ്ടു മലയായിൽ റബ്ബർകൃഷി നിശ്ശേഷം നിന്നുപോയത് നമുക്കെല്ലാമറിയാവുന്ന കാര്യമാണല്ലോ. നമ്മുടെ രാജ്യത്തും ആ അത്യാഹിതം സംഭവിക്കാതിരിക്കാൻ റബ്ബർ ബോർഡും ഗവൺമെന്റും ഒത്തൊരുമിച്ചു പ്രവർത്തിക്കുമെന്നു പ്രത്യാശിക്കുന്നു.

**എൻ.എ.ജോസഫ് ഞള്ളമ്പുഴ,**
*കുറവിലങ്ങാട്-686633,*

ഡൈനിംഗ് സ്പെഷ്യൽ

# ലാവോസ് വിഭവങ്ങൾ



**ലാ**വോ വംശീയവിഭാഗത്തിന്റെയും വടക്കുകിഴക്കൻ തായ്‌ലൻഡിലെയും ഭക്ഷണമാണു ലാവോ ഭക്ഷണം. തെക്കുകിഴക്കനേഷ്യയിലെ മറ്റു രാജ്യങ്ങളിലെ ഭക്ഷണത്തിൽനിന്നു വ്യത്യസ്തമാണത്. വറ്റിച്ച ചോറാണു മുഖ്യഭക്ഷണം. ഉണക്കിയ ഇറച്ചിയോ മീനോ, ഒപ്പം പച്ചക്കറികളും മറ്റും ചേർത്തുണ്ടാക്കുന്ന കറിയായ ലാർബ് ദേശീയ വിഭവവും. പപ്പായ സാലഡായ തം മാക് ഹൗങ് മറ്റൊരു പ്രിയ ലാവോസ് വിഭവമാണ്.

തലസ്ഥാനമായ വിയന്റിയനിലെ ഭക്ഷണത്തിൽ ഫ്രഞ്ച് സ്വാധീനമുണ്ട്. വിയറ്റ്നാമീസു ഭക്ഷണത്തിനും ലാവോസിൽ പ്രചാരമുണ്ട്. നാരങ്ങ, പുളി, വാഴക്കൂമ്പ്, മല്ലിയില, മുളങ്കിഴങ്ങ്, വെളുത്തുള്ളി, ഇഞ്ചി തുടങ്ങിയവയെല്ലാം ലാവോസുകാർക്കു പ്രിയപ്പെട്ടവയാണ.

ചൂരൽ കൊണ്ടുണ്ടാക്കിയ കാ തോക്കെ എന്ന ഉയരം കുറഞ്ഞ വട്ടമേശയിൽ ഭക്ഷ്യസാധനങ്ങൾ വച്ച് ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നതാണു പരമ്പരാഗത രീതി. പുല്പായയിലായിരിക്കും ആളുകൾ ഇരിക്കുന്നത്. ഒട്ടേറെ ആളുകളുള്ളപ്പോൾ കാ തോക്കെകളുടെ എണ്ണം കൂട്ടും. ആചാരം എന്ന നിലയിൽ മാത്രമാണ് ഇതിപ്പോൾ തുടരുന്നത്.

വെറും കൈകൊണ്ടാണു ലാവോസുകാർ ഭക്ഷണം കഴിക്കുന്നത്. ആദ്യം സൂപ്പു കഴിക്കുക എന്ന പാശ്ചാത്യ സമ്പ്രദായം ലാവോസിലില്ല. ഭക്ഷണത്തിലുടനീളം സൂപ്പു രുചിക്കും.

## കേരളം ഭരിക്കുന്നതു ജനപക്ഷത്തു നിലയുറപ്പിച്ച സർക്കാർ

ജോസ് കെ.മാണി എം.പി.



ജനകീയ പ്രശ്നങ്ങൾക്കു ഞൊടിയിടയിൽ പരിഹാരം കാണുന്ന, ജനപക്ഷത്തു നിലയുറപ്പിച്ച സർക്കാരാണു കേരളം ഭരിക്കുന്നതെന്നു ജോസ് കെ.മാണി എം.പി. പറഞ്ഞു. കേരളാ കോൺഗ്രസ് (എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പാർട്ടി ക്യാമ്പ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

എൻഡോസൾഫാൻ ഇരകൾക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നല്കാൻ യുഡിഎഫ് സർക്കാരിന് അഞ്ചു നിമിഷം മാത്രമാണു വേണ്ടിവന്നത്. പെട്രോളിന്റെ നികുതി കുറച്ചതും കുട്ടനാട്ടെ കർഷകർക്ക് 20,000 രൂപ നഷ്ടപരിഹാരം നല്കിയതും ഇതേ സർക്കാരാണ്. ദിവസങ്ങൾ കൊണ്ടു യു.ഡി.എഫ് സർക്കാർ കേരളജനതയുടെ പ്രിയപ്പെട്ട സർക്കാരായി മാറിയിരിക്കുകയാണ്.

മിക്ക സംസ്ഥാനങ്ങളിലും പ്രാദേശിക പാർട്ടികളാണു ഭരണം നയിക്കുന്നത്. കേരളത്തിൽ കേരള കോൺഗ്രസ് (എം)നു വഹിക്കാനുള്ളതു പ്രധാന പങ്കാണ്. കേരളത്തിന് ഒരു പ്രത്യയശാസ്ത്രം സമ്മാനിച്ച പാർട്ടിയാണു കേരളാ കോൺഗ്രസ് (എം)-ജോസ് കെ.മാണി കൂട്ടിച്ചേർത്തു.

കേരളാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് അഡ്വ. കൊട്ടാരക്കര പൊന്നച്ചൻ അധ്യക്ഷത വഹിച്ചു. ഫ്രാൻസിസ് ജോർജ് എക്സ് എം.പി, പി.ടി.ജോസ്, അഡ്വ.തോമസ് ഉണ്ണിയാടൻ എം.എൽഎ, റോഷി അഗസ്റ്റിൻ എംഎൽഎ, ടി.വി. എബ്രഹാം, അറയ്ക്കൽ ബാലകൃഷ്ണപിള്ള, മോൻസ് ജോസഫ് എംഎൽഎ, ആന്റണി രാജു, വാമനപുരം പ്രകാശ് കുമാർ, ഇ.കെ.ചെല്ലപ്പൻ, താന്നിവിള ശശിധരൻ, ജോർജ് വർഗീസ്, ആർ.കെ.നായർ, മുരളീധരൻ നായർ, കള്ളിക്കാട് സുരേന്ദ്രൻ നായർ, ബാബു അമ്പൂരി, പൂജപ്പുര ഉണ്ണി, വട്ടിയൂർകാവ് അനിൽകുമാർ, ജോൺ റോബർട്ട്, ബീമാപള്ളി മാഹിൻ എന്നിവർ പ്രസംഗിച്ചു.

## അക്രമസമരങ്ങൾ അവസാനിപ്പിക്കണം

പി.ജെ.ജോസഫ്



സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ പേരിൽ ഇടതു വിദ്യാർത്ഥി യുവജന സംഘടനകൾ അക്രമസമരത്തിൽ നിന്നു പിന്തിരിയണമെന്നു ജലവിഭവവകുപ്പു മന്ത്രി പി.ജെ. ജോസഫ് ആവശ്യപ്പെട്ടു.

മന്ത്രി ആയതിനുശേഷം ആദ്യമായി തൃശൂരിൽ എത്തിയ കേരള കോൺഗ്രസ്(എം) വർക്കിംഗ് ചെയർമാൻ കൂടിയായ മന്ത്രിക്കു കേരളാ കോൺഗ്രസ് (എം) ജില്ലാ സമിതി നല്കിയ സ്വീകരണ യോഗത്തിൽ മറുപടി പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസ മേഖലയിലെ വിഷയങ്ങൾ പൂർണമായും ചർച്ചയിലൂടെ പരിഹരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കേരളം നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ അടിയന്തിര ക്രിയാത്മക നടപടികൾ സ്വീകരിച്ചു വരികയാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. യോഗത്തിൽ ജില്ലാ പ്രസിഡണ്ട് എം.പി.പോളി അധ്യക്ഷത വഹിച്ചു.

കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറിമാരായ അഡ്വ.തോമസ് ഉണ്ണിയാടൻ എം.എൽ. എ, എ.എൽ.സെബാസ്റ്റ്യൻ മാസ്റ്റർ, സി.വി.കുര്യാക്കോസ്, ബേബി മാത്യു, എം.ടി.തോമസ് മാസ്റ്റർ, ജോർജ് പായപ്പൻ, ബേബി നെല്ലിക്കുഴി, ഉണ്ണികൃഷ്ണൻ ഈച്ചരത്ത്, അഡ്വ. ഷൈജു ഹസ്സൻ, ജോണി ചിറ്റിലപ്പിള്ളി, ശശീന്ദ്രൻ കുണ്ടുവാറ, എ.എൽ. ആന്റണി, തോമസ് ആന്റണി, കെ.എസ്. ഫ്രാൻസിസ്, സി.ടി.പോൾ, ജോൺസൺ കാഞ്ഞിരത്തിങ്കൽ, സി.പി.ജോസഫ്, തോമസ് ചിറമേൽ, റോക്കി ആളൂക്കാരൻ, കെ.വി.കണ്ണൻ, കെ.ജെ.ജെയിംസ്, ജോഷി പെട്ടക്കൽ, ജൂലിസ് ആന്റണി, ജോസ് മുതുകാട്ടിൽ, എൻ.ജെ. ലിയോ, ദളിത് ഫ്രണ്ട് ജില്ലാ പ്രസിഡണ്ട് എം.കെ. മോഹനൻ എന്നിവർ പ്രസംഗിച്ചു.

## പരിയാരം കാശുവാങ്ങിയവരെയും പുറത്താക്കണം

കെ.എസ്.സി.(എം)



പരിയാരത്തു കാശുകൊടുത്ത ആളിനെ പുറത്താക്കാമെങ്കിൽ കാശു വാങ്ങിയവരെയും പുറത്താക്കാനുള്ള മര്യാദ സിപിഎം കാണിക്കേണ്ടതാണെന്നു കെ.എസ്.സി.(എം) കോന്നി നിയോജക മണ്ഡലം കൺവൻഷൻ ആവശ്യപ്പെട്ടു.

കെ.എസ്.സി.(എം) സംസ്ഥാന സെക്രട്ടറി ബോബി കാക്കാനപ്പള്ളി സമ്മേളനം ഉദ്ഘാടനം ചെയ്തു. സിജിത്.പി.മത്തായി അധ്യക്ഷത വഹിച്ചു. ജോജി തോമസ്, വർഗീസ് ഏബ്രഹാം, മോൻസി തോമസ്, ബെൻസൺ ബി.എന്നിവർ പ്രസംഗിച്ചു.

നിയോജക മണ്ഡലം പ്രസിഡണ്ടായി സുജിൻ ടി.സാം, വൈസ് പ്രസിഡണ്ടായി ബെൻസൺ ബി, സെക്രട്ടറിയായി നിയാസ് ചിറ്റാർ, ജോ.സെക്രട്ടറിയായി രാജേഷ്കുമാർ, എം.പി.ട്രഷറർ ആയി സിജോ എന്നിവരെ തെരഞ്ഞെടുത്തു. ✤

### മഹാത്മാഗാന്ധി സാംസ്കാരിക വേദി

## പ്രതിഭാസംഗമം നടത്തി



മഹാത്മാ സാംസ്കാരിക വേദിയുടെ പതിമൂന്നാം വാർഷികത്തോടനുബന്ധിച്ചു തൃശൂർ മാപ്രാണം ഹോളിക്രോസ് ഹൈസ്കൂൾ ഹാളിൽ എസ്.എസ്.എൽ.സിക്കും പ്ലസ്ടുവിനും ഉയർന്ന വിജയം നേടിയ വിദ്യാർത്ഥികളെയും മറ്റു പ്രതിഭകളെയും മഹാത്മാ പുരസ്കാരം നല്കി ആദരിച്ചു. പ്രതിഭാ സംഗമം അഡ്വ. തോമസ് ഉണ്ണിയാടൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

പ്രസിഡണ്ട് ജോജി തെക്കൂടൻ അധ്യക്ഷത വഹിച്ചു. പി.ബി. സത്യൻ, ഏ.ജെ.ആന്റണി, സത്യൻ നാട്ടുവള്ളി, ബൈജു കുറ്റിക്കാടൻ, ഹോളിക്രോസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് സി.ജെ. മെറീന, കെ.ശിവരാമൻ നായർ, കെ.കെ.അബ്ദുള്ളക്കുട്ടി, അൽജോ ഇ.ടി, ബെൻസി ഡേവിഡ്, സിന്ധു അജയൻ, നിഷ ഹരിദാസ്, കുമാരി രഘുനാഥ് എന്നിവർ പ്രസംഗിച്ചു. ✤

### വന്യമൃഗശല്യം

## ജീവനും സ്വത്തും സംരക്ഷിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണം

കെ.ജെ.ദേവസ്യ



വന്യമൃഗങ്ങളുടെ ശല്യത്തിൽനിന്നും ജനങ്ങളെ രക്ഷിക്കുവാൻ പര്യാപ്തമായ വിധത്തിൽ നിയമനിർമാണം നടത്തണമെന്നു കേരളാ കോൺഗ്രസ് (എം) വയനാടു ജില്ലാ പ്രസിഡണ്ട് കെ.ജെ. ദേവസ്യ ആവശ്യപ്പെട്ടു പുല്പ്പള്ളി, മുള്ളൻകൊല്ലി മണ്ഡലം കമ്മിറ്റികളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട ധർണ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വനത്തോടു ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ വന്യമൃഗശല്യം രൂക്ഷമായികൊണ്ടിരിക്കുകയാണ്. സമീപകാലത്തു കാട്ടാന ഇറങ്ങി പുല്പ്പള്ളിയിലെ ചേകാടിയിൽ ഒരു വിദ്യാർത്ഥിയെ കൊലചെയ്തു. തൊട്ടടുത്ത ദിവസം പാടിച്ചിറയിൽ ഒരു കർഷക തൊഴിലാളിയെ കാട്ടാന കൊന്നു. തരിയോട്ട് കാട്ടാന ഒന്നിലധികം പേരെ പിച്ചിചീന്തിക്കളഞ്ഞു. തമിഴ്നാട്ടിലെ ഗൂഡല്ലൂരിനടുത്ത് കാട്ടാന തൊഴിലാളിയെ കൊലചെയ്തു. കാട്ടാനയുടെ അറുകൊല നിത്യേനയെന്നോണം നടക്കുകയാണ്.

വയനാട്ടിൽ പൊതുവായി വന്യമൃഗശല്യം സഹിക്കാൻ കഴിയാത്ത അവസ്ഥയിലായിരിക്കുന്നു. ഇപ്രകാരമുള്ള സാഹചര്യത്തിൽ യുഡിഎഫ്സർക്കാർ പന്നിയെ വെടിവച്ചുകൊല്ലാൻ തീരുമാനിച്ച് അനുമതി നല്കിയതു സ്വാഗതാർഹമാണ്. എന്നാൽ, കാട്ടുപന്നി മാത്രമല്ല, നാട്ടിലിറങ്ങി ഉപദ്രവിക്കുന്ന എല്ലാ വന്യമൃഗങ്ങളെയും സ്വയരക്ഷയ്ക്കുവേണ്ടി കൊല്ലാനുള്ള അധികാരം നല്കുവാനും അതനുസരിച്ചു നിലവിലുള്ള നിയമം ഭേദഗതി ചെയ്യുവാനും സർക്കാർ തയ്യാറാവണം-കെ.ജെ.ദേവസ്യ കൂട്ടിച്ചേർത്തു.

ദേവസ്യാ. കെ.വി. സണ്ണി അധ്യക്ഷത വഹിച്ചു. മാത്യു കടുപ്പിൽ, അഡ്വ.ജോയി വളയംപള്ളി, എൻ.യു.വിൽസൺ, കെ.കെ.ബേബി, സി.എം.ഫ്രാൻസിസ്, അന്നക്കുട്ടി മാത്യു, ജോയ് മല്ലശ്ശേരി, ഷിനു കച്ചിറയിൽ, ഇ.കെ.രഘു, റെജി ഓലിക്കരോട്ട്, ഷാജി കൊച്ചുപുര, ജോസഫ് തരിവേലിൽ, ജോസഫ് കടുകുമാക്കൽ, മാണി പനന്തോട്ടം, പി.യു.മാണി എന്നിവർ പ്രസംഗിച്ചു. ✤

# ഓണാട്ടുകര മഹാനാട്ടുക്കൂട്ടവും ഹരിതയോരം പദ്ധതിയും ഒരു മഹാകുംഭകോണത്തിന്റെ ബാക്കി പത്രം

അഡ്വ.തോമസ് എം.മാത്തുണ്ണി

ഇടതുപക്ഷ ഗവൺമെണ്ടിന്റെ അവസാന നാളുകളിൽ സംസ്ഥാന കൃഷിവകുപ്പും ഓണാട്ടുകര വികസന ഏജൻസിയും കൂട്ടായി നടത്തിയ മഹാനാട്ടുക്കൂട്ടവും അതിന്റെ തുടർച്ചയായ ഹരിതയോരം പദ്ധതിയും പൊതുമുതൽ കൊള്ളയടിക്കുന്നതിനും രാഷ്ട്രീയ ദുഷ്ട ലാക്കോടു കൂടിയുള്ളതുമായ സംരംഭമായിരുന്നുവെന്നു ചവറ മുതൽ തോട്ടപ്പള്ളി വരെ നാഷണൽ ഹൈവേയിൽകൂടി സഞ്ചരിക്കുന്ന ആർക്കും ബോധ്യമാകും.

പഴയ തമിഴ് സിനിമയിലെ കൃത്രിമ സെറ്റുകളെപ്പോലും അതിശയിപ്പിക്കും വിധം ജീർണിച്ച കാളവണ്ടിയും, ഉരലും ഉലക്കയും, ചിരട്ടത്തവിയും മൺകലവും ഉറിയും, കച്ചിത്തുറുവും നുകവും കലപ്പയും പുനഃസൃഷ്ടിച്ചു കൊണ്ടു നടത്തിയ ഈ മഹാനാട്ടുക്കൂട്ടം നാശോൻമുഖമായ കാർഷിക മേഖലയ്ക്കു പുതുജീവൻ നല്കുന്നതിനുവേണ്ടി സംഘടിപ്പിച്ചതാണെന്ന അവകാശവാദം പൊള്ളയായിരുന്നു എന്ന കാര്യത്തിൽ അതിന്റെ സംഘാടകർക്കുപോലും സംശയം ഉണ്ടാവില്ല. വികലമായ കാഴ്ചപ്പാടുള്ള ഭരണാധികാരികൾക്കു മാത്രമേ ഇത്തരം പഴഞ്ചൻ ആശയങ്ങൾക്കു രൂപം നല്കാൻ കഴിയൂ.

മരിച്ചു മണ്ണടിഞ്ഞു എന്നു നാം വിശ്വസിച്ചിരുന്ന പഴയ ഫ്യൂഡൽ കാലഘട്ടത്തിന്റെ കൊടിയടയാളങ്ങളായിരുന്ന ഈ കാർഷികോപകരണങ്ങളുടെ പ്രർശനം ആരെ ഉത്തേജിപ്പിക്കുവാൻ വേണ്ടിയുള്ളതായിരുന്നു? ഒരു വേള ആ വ്യവസ്ഥിതിയുടെ പിൻമുറക്കാരായ നാട്ടുക്കൂട്ടം വിചാരിപ്പുകാരെ ദുഷിച്ച ആ കാലഘട്ടം ആവേശം കൊള്ളിക്കുന്നുണ്ടാവാം. ഒരു പുരാവസ്തു മ്യൂസിയത്തിനുള്ള പ്രദർശന വസ്തുക്കൾ ഒരുക്കിയ സംതൃപ്തിയിലാകാം ഇന്ന് അവർ അഭിരമിക്കുന്നത്. ഹൈടെക് യുഗത്തിൽ ശാസ്ത്ര സാങ്കേതിക വിദ്യയ്ക്കുണ്ടായ വിസ്മയാവഹമായ വളർച്ചയെ ഉൾക്കൊള്ളുവാൻ എന്തുകൊണ്ട് ഇവർക്കു കഴിയുന്നില്ല?

മണ്ണിൽ പണിയെടുത്തു വിളയിറക്കുവാനും തെങ്ങിൽ നിന്നും നാളികേരം ഇടുവാനും റബറിൽ നിന്നും കറ എടുക്കുവാനും പാടത്തുവിളഞ്ഞ സ്വർണക്കതിരുകൾ കൊയ്തെടുക്കാനും മനുഷ്യശേഷി ഇല്ലാതിരിക്കുമ്പോൾ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചു മണ്ണിനും പ്രകൃതിക്കും ഇണങ്ങും വിധമുള്ള ആധുനിക യന്ത്രോപകരണങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. കാർഷിക മേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കുവാൻ ആധുനികവും ശാസ്ത്രീയവും ഇച്ഛാശക്തിയോടെയുള്ളതുമായ അത്തരം നടപടികളാണു സ്വീകരിക്കേണ്ടത്. എന്നാൽ, മഹാനാട്ടുക്കൂട്ടം, ഒരു കൂട്ടയോട്ടത്തിന്റെ ഫലം പോലും ഉണ്ടാക്കിയില്ലായെന്നുള്ളതു പോകട്ടെ. വലിയ കുംഭകോണത്തിനുള്ള അരങ്ങൊരുക്കലായിരുന്നുവെന്ന വസ്തുതയാണ് ഏറെ അപലപനീയമായിട്ടുള്ളത്. വിളയ്ക്കു പകരം പണം കൊയ്തെടുക്കുവാനുള്ള നല്ലൊരവസരമായി ഇതിന്റെ സംഘാടകർ ഈ ഉദ്യമത്തെ സമർത്ഥമായി പ്രയോജനപ്പെടുത്തി എന്നതിന്റെ നേർകാഴ്ചകളായിരുന്നു ഇതിന്റെ അനുബന്ധപ്രവൃത്തികൾ.

അതിന്റെ പ്രത്യക്ഷ ഉദാഹരണമാണു നാഷണൽ ഹൈവേക്ക് ഇരുവശങ്ങളിലും നടപ്പാക്കി എന്ന് അവകാശപ്പെടുന്ന ഹരിതയോരം പദ്ധതി. ഈ പദ്ധതി ഇന്നു പെരുവഴി ആധാരമായി മാറിയതിനുള്ള ഉത്തരവാദികളെ കണ്ടെത്തുവാൻ പാഴൂർ പടിയോളം പോകണമെന്നില്ല. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കൈവശമുള്ള സ്ഥലം നാലുവരിപ്പാതയാക്കുന്നതിനു തികയാ

മണ്ണിൽ പണിയെടുത്തു വിളയിറക്കുവാനും തെങ്ങിൽ നിന്നും നാളികേരം ഇടുവാനും റബറിൽ നിന്നും കറ എടുക്കുവാനും പാടത്തുവിളഞ്ഞ സ്വർണക്കതിരുകൾ കൊയ്തെടുക്കാനും മനുഷ്യശേഷി ഇല്ലാതിരിക്കുമ്പോൾ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചു മണ്ണിനും പ്രകൃതിക്കും ഇണങ്ങും വിധമുള്ള ആധുനിക യന്ത്രോപകരണങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. കാർഷിക മേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കുവാൻ ആധുനികവും ശാസ്ത്രീയവും ഇച്ഛാശക്തിയോടെയുള്ളതുമായ അത്തരം നടപടികളാണു സ്വീകരിക്കേണ്ടത്. എന്നാൽ, മഹാനാട്ടുക്കൂട്ടം, ഒരു കൂട്ടയോട്ടത്തിന്റെ ഫലം പോലും ഉണ്ടാക്കിയില്ലായെന്നുള്ളതോ പോകട്ടെ, വലിയ കുംഭകോണത്തിനുള്ള അരങ്ങൊരുക്കലായിരുന്നുവെന്ന വസ്തുതയാണ് ഏറെ അപലപനീയമായിട്ടുള്ളത്.

ഞ്ഞിട്ടു കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടികൾ തീവ്രമായി നടക്കുമ്പോൾ അവയുടെ അനുമതി വാങ്ങിയോ വാങ്ങാതെയോ ഹൈവേ പുറംപോക്കു തന്നെ ഈ പദ്ധതി നടപ്പാക്കുവാൻ തെരഞ്ഞെടുത്തതു ഗൂഢോദ്ദേശ്യത്തോടുകൂടി തന്നെയാണ്. എപ്പോൾ വേണമെങ്കിലും റോഡിന്റെ പണി ആരംഭിക്കാമെന്നിരിക്കെ അതിന്റെ പേരിൽ കൃഷി നശിച്ചുപോയാൽ അത്രയും സൗകര്യമായി എന്ന് ഇതിനു മൻകൈ എടുത്തവർ കരുതിയിട്ടുണ്ടാകാം.

ഈ പദ്ധതിയുടെ പേരിൽ ഇവിടെ നടത്തി എന്ന് അവകാശപ്പെടുന്ന കൃഷി യഥാർത്ഥ കൃഷിയെ സ്നേഹിക്കുന്ന കർഷകനെ അപമാനിക്കുന്നതും നൊമ്പരപ്പെടുത്തുന്നതുമാണ്. വിദേശികൾ ഉൾപ്പെടെയുള്ളവർ എൻഎച്ചിലൂടെ യാത്ര ചെയ്യുമ്പോൾ ഈ കൃഷിയുടെ കേമത്തരം കണ്ടു മൂക്കത്തു വിരൽ വച്ചില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ. കൃഷിവകുപ്പിന്റെ കറവപ്പശുക്കളായ സ്ഥിരം കരാറുകാർ എവിടെ നിന്നൊക്കെയോ സംഭരിച്ചതും ഗുണമേന്മ ഉറപ്പുവരുത്താത്തതുമായ നടീൽ വസതുക്കളിൽ കൊള്ളാവുന്നവ പദ്ധതി നടത്തിപ്പുകാരുടെ ഇഷ്ടക്കാർ തനതാവശ്യത്തിനുവേണ്ടി സ്വന്തമാക്കി. അവശേഷിച്ച മോശം വിത്തുകൾ വേണ്ടവണ്ണം മണ്ണു കിളച്ചിളക്കുകയോ വളം ഇടുകയോ ചെയ്യാതെ മണ്ണിനുമുകളിൽ തുരന്നുവച്ചു നട്ടു എന്നു വരുത്തിത്തീർത്തതിനുശേഷം അധികാരികളോ ഓണാട്ടുകര വികസന ഏജൻസിക്കാരോ ഉദ്യോഗസ്ഥരന്മാരോ ആ ഭാഗങ്ങളിലേക്കു തിരിഞ്ഞു നോക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു നടന്ന തെരഞ്ഞെടുപ്പിലുണ്ടായ ക്ഷീണം തീർക്കാം എന്ന കുടില രാഷ്ട്രീയ തന്ത്രവും ഈ മഹാമാമാങ്കത്തിനു മേമ്പൊടിയായി ഉണ്ടായിരുന്നു.

ആയിരക്കണക്കിന് ഏക്കർ സ്ഥലം ഹൈവേ സൈഡിൽതന്നെ കൃഷിയില്ലാതെ കിടക്കുന്നുണ്ട്. പ്രതിഫലം കൂടാതെ കൃഷിക്കു വിട്ടുകൊടുക്കുവാൻ അതിന്റെ ഉടമകൾ തയ്യാറുമാണ്. അവരുടെ അനുമതി വാങ്ങി സന്നദ്ധ സംഘടനകളുടെ കൂട്ടായ്മ

> കേരളത്തിലെ കാർഷിക മേഖലയുടെ ചരിത്രത്തിൽ ഇത്രയും ഭീകരമായ തട്ടിപ്പു നാളിതുവരെ ഉണ്ടായിട്ടില്ല. യാതൊരു ദാക്ഷിണ്യവും കൂടാതെ ഈ ഹീനകൃത്യത്തിനു നേതൃത്വം നല്കിയവരെ പൊതുസമൂഹത്തിനും നിയമത്തിനും മുമ്പിൽ കൊണ്ടുവരികയും അവരെ സാമൂഹ്യമായി ഒറ്റപ്പെടുത്തുകയും മാതൃകാപരമായി ശിക്ഷിക്കുകയും വേണം. ഇനിമേലിൽ ആരും തന്നെ ഇത്തരം ഹീനമായ പ്രവൃത്തികളിൽ ഏർപ്പെടാതിരിക്കുവാൻ അത് അനുപേക്ഷണീയമാണ്.

ഉറപ്പുവരുത്തി കൃഷി ഇറക്കി അതു വിജയിപ്പിച്ചിരുന്നെങ്കിൽ നാടിനാകെ അഭിമാനവും മാതൃകയും ആയേനെ. അതു ചെയ്യാതെ കൃഷിയുടെ പേരിൽ ലക്ഷങ്ങൾ പാഴാക്കിയും കൊള്ളയടിച്ചും നടത്തിയ ഈ നടപടി ദേശദ്രോഹപരമാണ്.നട്ടവ കിളിർത്തെന്നോ വളർന്നെന്നോ, അതിനു വെള്ളവും വളവും കിട്ടുന്നുണ്ടെന്നോ, അതിനു രോഗബാധ ഉണ്ടെന്നോ ഒന്നും തന്നെ അന്വേഷിക്കുവാൻ നട്ടവരും നടീലിനു നേതൃത്വം നല്കിയവരും മിനക്കെട്ടിട്ടേയില്ല. കാട്ടിലെ തടിയെയും തേവരുടെ ആനയെയും കാണുന്ന ലാഘവത്തോടെ ഈ പദ്ധതിയെയും അവർ കണ്ടു.

വിവരാവകാശ നിയമത്തിലൂടെ ലഭ്യമായ കണക്കനുസരിച്ചു കൃഷ്ണപുരം, കായംകുളം, പത്തിയൂർ, ചേപ്പാട് എന്നീ കൃഷിഭവനുകൾ മുഖേന ഈ പദ്ധതിക്കുവേണ്ടി ചിലവഴിച്ച സംഖ്യ രണ്ടേകാൽ ലക്ഷമാണ്. അതു തന്നെ കൃത്യമായ സംഖ്യ അല്ലായെന്നു കണക്കിലെ വെട്ടിത്തിരുത്തലുകളിൽ നിന്നും വ്യക്തമാണ്. ഇനി രണ്ടു പ്രിൻസിപ്പൽ കൃഷി ആഫീസർമാരുടെയും അവർക്കു താഴെയുള്ള ഡപ്യൂട്ടി ഡയറക്ടർമാരുടെയും ഒട്ടനവധി കൃഷി ഭവനുകളുടെയും, സർവോപരി ഓണാട്ടുകര വികസന ഏജൻസിക്കാരുടെയും കണക്കുകൾ അവർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നതേയുള്ളൂ. അതുകൂടി പുറത്തുവരുമ്പോൾ കാൽക്കോടി രൂപയെങ്കിലും ഈ കുംഭകോണത്തിനുവേണ്ടി പാഴാക്കിയെന്നു വ്യക്തമാകും.

ഹരിതയോര കൃഷി തീർത്തും അനാഥമായ സ്ഥിതിയിൽ കരിഞ്ഞുണങ്ങിയും അതിജീവിച്ചവ വെള്ളക്കെടുതിയിൽ ചീഞ്ഞളിഞ്ഞും സർവനാശം സംഭവിച്ചിരിക്കുന്നു.

അധികാരം വിട്ടൊഴിഞ്ഞു പോകുന്ന പോക്കിൽ ഒരു ഉത്കൃഷ്ട സംസ്കൃതിയുടെ ഭാഗമായ മഹത്തായ കൃഷിയെ പാടത്തുനിന്നും പറമ്പിൽ നിന്നും ആട്ടിപായിച്ച് അക്ഷരാർത്ഥത്തിൽ പെരുവഴിയിൽ ആക്കി അപമാനിച്ച ഇക്കൂട്ടർ മാപ്പ് അർഹിക്കുന്നില്ല. ഇതിന്റെ മുഴുവൻ ഉത്തരവാദിത്വവും ഇപ്പോഴത്തെ ഗവൺമെണ്ടിന്റെ തലയിൽ കെട്ടിവച്ചു രക്ഷപ്പെടുവാൻ ഇവരെ അനുവദിക്കരുത്. ഈ സ്വപ്ന പദ്ധതി യുഡിഎഫ് സർക്കാർ പൊളിച്ചുവെന്ന് ആരോപിച്ചു എൽഡിഎഫുകാർ നാളെ പ്രതിഷേധവുമായി മുന്നോട്ടുവന്നാൽ അത്ഭുതപ്പെടേണ്ടതുമില്ല.

കേരളത്തിലെ കാർഷിക മേഖലയുടെ ചരിത്രത്തിൽ ഇത്രയും ഭീകരമായ തട്ടിപ്പു നാളിതുവരെ ഉണ്ടായിട്ടില്ല. യാതൊരു ദാക്ഷിണ്യവും കൂടാതെ ഈ ഹീനകൃത്യത്തിനു നേതൃത്വം നല്കിയവരെ പൊതുസമൂഹത്തിനും നിയമത്തിനും മുമ്പിൽ കൊണ്ടുവരികയും അവരെ സാമൂഹ്യമായി ഒറ്റപ്പെടുത്തുകയും മാതൃകാപരമായി ശിക്ഷിക്കുകയും വേണം. ഇനിമേലിൽ ആരും തന്നെ ഇത്തരം ഹീനമായ പ്രവൃത്തികളിൽ ഏർപ്പെടാതിരിക്കുവാൻ അത് അനുപേക്ഷണീയമാണ്. ഒട്ടും വൈകാതെതന്നെ ഇതിനെക്കുറിച്ചെല്ലാം സമഗ്രമായ ഒരു വിജിലൻസ് അന്വേഷണം നടത്തുവാൻ ഈ ഗവൺമെണ്ടു തയ്യാറാകണമെന്നതാണ്.

*കേരളാ പബ്ലിക് സർവീസ് കമ്മീഷൻ (പി.എസ്.സി) മുൻ അംഗവും കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറിയുമാണു ലേഖകൻ.* ♣

**വിചിന്തനം**

ഡോ. സി. ഷാലു കോയിക്കര

# നേഴ്സിംഗ്: നെറ്റിംഗെയിലിനെ മാതൃകയാക്കുക

തന്റെ പതിനേഴാമത്തെ വയസ്സിൽ നേഴ്സിംഗ് ഒരു ദൈവവിളിയായി സ്വീകരിച്ചു, ക്രീമിയൻ യുദ്ധത്തിൽ ദയനീയമാം വിധം മുറിവേറ്റ അനേകായിരം ഭടന്മാരെ പരിചരിച്ച ഫ്ളോറൻസ് നെറ്റിംഗെയിൽ ചരിത്രത്തിന്റെ ഏടുകളിൽ മാത്രമായി ഒതുങ്ങിയോ? തൊഴിലിനു സേവനത്തിന്റെ മാനം കൊടുത്തു സ്വജീവിതം ആതുരശുശ്രൂഷയ്ക്കായി ഒഴിഞ്ഞുവച്ച ആ ധീരവനിത ഡിപ്ലോമ ബിരുദദാന ചടങ്ങുകളിലെ ഒരു അലങ്കാരവസ്തു മാത്രമായി മാറിയോ?



*ഫ്ളോറൻസ് നെറ്റിംഗെയിൽ*

## അവശ്യഘടകങ്ങൾ

ഏതൊരു തൊഴിലും വിജയപ്രദമായും മറ്റുള്ളവർക്കു സേവനം ലഭിക്കത്തക്ക വിധത്തിലും ചെയ്യുന്നതിനു മൂന്നു കാര്യങ്ങൾ ആവശ്യമായിട്ടുണ്ട്. വാസന, പ്രേരകഹേതു, സമർപ്പണം. ഇവ മൂന്നിലേതെങ്കിലും നഷ്ടപ്പെട്ടാൽ തൊഴിൽരംഗത്തു വിജയിക്കാൻ സാധിക്കില്ല. മാത്രമല്ല, തന്റെ സേവനം സ്വീകരിക്കുന്നവർക്ക് അതുവേണ്ട വിധത്തിൽ പ്രദാനം ചെയ്യാൻ തൊഴിൽ ചെയ്യുന്നവനു കഴിയുകയുമില്ല.

**ഏതൊരു തൊഴിലും വിജയപ്രദമായും മറ്റുള്ളവർക്കു സേവനം ലഭിക്കത്തക്ക വിധത്തിലും ചെയ്യുന്നതിനു മൂന്നു കാര്യങ്ങൾ അവശ്യമായിട്ടുണ്ട്. വാസന, പ്രേരകഹേതു, സമർപ്പണം. ഇവ മൂന്നിലേതെങ്കിലും നഷ്ടപ്പെട്ടാൽ തൊഴിൽരംഗത്തു വിജയിക്കാൻ സാധിക്കില്ല.**

എത്ര നിസ്സാരമെന്നു നാം കരുതുന്ന ജോലിക്കും അതിനുള്ള വാസന കൂടിയേ തീരൂ. ചിലരെ സംബന്ധിച്ചു ചില പ്രത്യേക തൊഴിലുകളോടു വൈകാരികമായൊരു ആകർഷണം തോന്നാം. ആ തൊഴിലിനു സമൂഹത്തിലുള്ള സ്ഥാനം, ഉയർന്ന ശമ്പളനിരക്ക്, വിദേശത്തു ജോലി ലഭിക്കുന്നതിനുള്ള സാധ്യത, ആ തൊഴിൽ വഴി ലഭിക്കാവുന്ന മറ്റു നേട്ടങ്ങൾ തുടങ്ങിയവ ഒരാളെ അതിലേക്ക് ആകർഷിക്കാം. എന്നാൽ, അതിലുള്ള അഭിരുചി, കഴിവുകൾ ഇവ എല്ലാവർക്കും ഉണ്ടായിരിക്കണമെന്നു നിർബന്ധമില്ല. ഇവയുടെ അഭാവത്തിൽ വ്യക്തിക്കു താൻ ഏർപ്പെട്ടിരിക്കുന്ന മേഖല ഭാരമായി തോന്നാം.

വാസനയോടൊപ്പം ഒരുപക്ഷേ അതിലധികമായി തൊഴിൽ രംഗത്ത് ഒരുവന് ആവശ്യമായിട്ടുള്ളതാണ് അതിനുള്ള പ്രേരകഹേതു. ഇന്നു യുവജനങ്ങളിൽ പലപ്പോഴും പ്രേരകഹേതു കുറവായിട്ടാണു കാണപ്പെടുന്നത്. അത് ഒന്നിന്റെയും കുറവനുഭവിക്കാതെ കുട്ടികൾ വളർന്നു വരുന്നതുകൊണ്ടാകാം. ഉന്നതമായ ജീവിതനിലവാരവും ആധുനിക ജീവിത സൗകര്യങ്ങളുമൊക്കെ എല്ലാവർക്കുമാവശ്യമാണ്. എന്നാൽ, എളുപ്പത്തിൽ അവ നേടിയെടുക്കാനാണു എല്ലാവർക്കുമിഷ്ടം.

പ്രേരകഹേതു ആണ് എല്ലാത്തിന്റെയും അടിസ്ഥാനം. അതില്ലെങ്കിൽ സമർപ്പണവുമില്ല. ഏതു കാര്യവും നേടിയെടുക്കണമെങ്കിൽ അർപ്പണബുദ്ധിയോടെ അധ്വാനിക്കേണ്ടതുണ്ട്.

## നേഴ്സിംഗ് ആകർഷണീയമോ?

ഇന്നത്തെ കേരളത്തിന്റെ ചുറ്റുപാടിൽ നേഴ്സിംഗ് രംഗത്തേക്കു ധാരാളം കുട്ടികൾ കടന്നുവരുന്നുണ്ട്. പ്രത്യക്ഷത്തിൽ ഇത് ആകർഷണീയമായ ഒരു തൊഴിലാണു കുട്ടികൾക്കെന്നു മറ്റുള്ളവർ തെറ്റിദ്ധരിച്ചേക്കാം. എന്നാൽ, പലപ്പോഴും യാഥാർത്ഥ്യം മറിച്ചാണ്. മാതാപിതാക്കളുടെയോ മറ്റു മുതിർന്നവരുടെയോ നിർബന്ധത്തിനു വഴങ്ങിയാണു പല കുട്ടികളും ഈ തൊഴിൽ തെരഞ്ഞെടുക്കുന്നത്. അതിനാൽതന്നെ ഇതിനോടു വേണ്ടത്ര വിശ്വസ്തത പുലർത്താൻ അവർക്കു പലപ്പോഴും കഴിയാതെ പോകുന്നുവെന്നുള്ളതു ദു:ഖകരമായ അവസ്ഥയാണ്. മാത്രമല്ല, തങ്ങൾ ചെയ്യുന്ന തൊഴിലിനെ സ്നേഹപൂർവം ആശ്ലേഷിക്കാനും അവർക്കു സാധിക്കുന്നില്ല.

മറ്റേതൊരു ഉദ്യോഗത്തിനുമെന്നതുപോലെ നേഴ്സിംഗ് മേഖലയിലുള്ളവർക്കും മുകളിൽ പറഞ്ഞ മൂന്നു കാര്യങ്ങളും ആവശ്യമായിട്ടുള്ളതാണ്. ഇവയുടെ അഭാവം പലർക്കുമീ തൊഴിലൊരു ഭാരമാക്കി മാറ്റുകയാണ്. മറ്റു പല ഉദ്യോഗത്തിലും വാസനയുള്ള കുട്ടികളാണു പലപ്പോഴും ആതുരശുശ്രൂഷാരംഗത്തു വന്നുചേരുന്നത്. ചില ഉദാഹരണങ്ങൾ ഇതു വ്യ

ക്തമാക്കും. റംന 17 വയസ്സുള്ള +1 വിദ്യാർത്ഥിനിയാണ്. അടുത്ത നാളുകളായി പലപ്പോഴും ബോധം കെട്ടു വീഴുന്നു. പഠിക്കാൻ സാധിക്കുന്നില്ല, ഓർമക്കുറവ്, വിശപ്പില്ലായ്മ, ഉറക്കകുറവ് ഇങ്ങനെ പല പ്രശ്നങ്ങളുമായിട്ടാണ് അവളെ ക്ലിനിക്കിൽ കൊണ്ടുവന്നത്. ചികിത്സ കുറെ പുരോഗമിച്ചു കഴിഞ്ഞപ്പോഴാണു സ്വന്തം കാര്യങ്ങളെക്കുറിച്ചു അവൾ സംസാരിക്കാൻ പ്രാപ്തയായത്. +1 നു മാതാപിതാക്കളുടെ നിർബന്ധപ്രകാരമാണ് അവൾ സയൻസു ഗ്രൂപ്പ് എടുത്തത്. അതിൽ നിന്ന് അവൾ അനുമാനിച്ചു, കോഴ്സു കഴിയുമ്പോൾ നേഴ്സിംഗിനു പോകാൻ അവർ ആവശ്യപ്പെടുമെന്ന്. ആ ചിന്ത വല്ലാതെ അവളെ അലട്ടിയെന്നു മാത്രമല്ല വിഷാദരോഗത്തിനടിമയുമാക്കി.

> ഇന്നത്തെ കേരളത്തിന്റെ ചുറ്റുപാടിൽ നേഴ്സിംഗ് രംഗത്തേക്കു ധാരാളം കുട്ടികൾ കടന്നുവരുന്നുണ്ട്. പ്രത്യക്ഷത്തിൽ ഇത് ആകർഷണീയമായ ഒരു തൊഴിലാണു കുട്ടികൾക്കെന്നു മറ്റുള്ളവർ തെറ്റിദ്ധരിച്ചേക്കാം. എന്നാൽ, പലപ്പോഴും യാഥാർത്ഥ്യം മറിച്ചാണ്. മാതാപിതാക്കളുടെയോ മറ്റു മുതിർന്നവരുടെയോ നിർബന്ധത്തിനു വഴങ്ങിയാണു പല കുട്ടികളും ഈ തൊഴിൽ തെരഞ്ഞെടുക്കുന്നത്.

രോഗത്തിനുള്ള ചികിത്സയോടൊപ്പം അവളുടെ അഭിരുചിയേതെന്നു മനസ്സിലാക്കുന്നതിനുള്ള സാധ്യത കൂടി അവൾക്കു നല്കി. മാതാപിതാക്കൾ ഒരു കാരണവശാലും നേഴ്സിംഗിനു പോകാൻ ആവശ്യപ്പെടില്ലെന്ന് അവൾക്ക് ഉറപ്പു നല്കി. ഏതാനും മാസങ്ങൾക്കുള്ളിൽ അവൾ രോഗവിമുക്തയാവുകയും തുടർന്നു +2വിനു നല്ല മാർക്കോടെ പാസ്സാവുകയും ചെയ്തു. അവളുടെ ആഗ്രഹം ജേർണലിസ്റ്റ് ആകണമെന്നുള്ളതായിരുന്നു. അതിനുള്ള എല്ലാ കഴിവുകളും അവൾക്കുണ്ടു താനും.

വാസനയോടൊപ്പം പ്രധാനപ്പെട്ടതാണു പ്രേരകഹേതു എന്നു നാം കണ്ടല്ലൊ. മറ്റുള്ളവരുടെ നിർബന്ധത്തിനോ സാഹചര്യങ്ങളുടെ സമ്മർദത്തിനോ വഴങ്ങി വരുന്നവർക്കു പ്രേരകഹേതു ഉണ്ടായിരിക്കുക എളുപ്പമല്ലല്ലോ. പ്രേരകഹേതു ഇല്ലാത്തതുകൊണ്ടു കാര്യങ്ങൾ വേണ്ടവിധം പഠിച്ചെടുക്കുന്നതിനോ പഠിച്ചവ പ്രായോഗികമാക്കുന്നതിനോ താത്പര്യമുണ്ടാവില്ല.

ഒരുവന് ഒരു കാര്യത്തിൽ സമർപ്പണമുണ്ടാകുന്നത് അതിനെ സ്നേഹിക്കുമ്പോഴാണല്ലോ. ഇല്ലെങ്കിൽ അതിലൂടെ എന്തെങ്കിലും നേടിയെടുക്കണമെന്ന ആഗ്രഹമുണ്ടാകുമ്പോഴാണ്. ഇതു രണ്ടുമില്ലെങ്കിൽ സമർപ്പണത്തിനു സ്ഥാനമില്ല.

## ശ്രദ്ധിക്കപ്പെടാത്ത തലങ്ങൾ

ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഇവ മൂന്നിന്റെയും അഭാവം ആതുരശുശ്രൂഷാരംഗത്തെ ബാധിച്ചിട്ടുണ്ട്. രോഗികളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയോ തങ്ങൾ ചെയ്യുന്ന ജോലിയുടെ ഗൗരവമോ ഒന്നും പലപ്പോഴും കുട്ടികൾക്കില്ല എന്നുള്ളതാണു യാഥാർത്ഥ്യം. ചിലപ്പോഴെങ്കിലും



കുട്ടികളുടെ പ്രണയബന്ധങ്ങളും, അതിനോടു ബന്ധപ്പെട്ട ചിന്തകളും, അവ മറച്ചുവയ്ക്കുന്നതിനുള്ള ശ്രമങ്ങളുമൊക്കെ പഠനത്തിൽ നിന്ന് അവരുടെ ശ്രദ്ധയെ പിന്തിരിപ്പിക്കും. മറ്റു ചില സാഹചര്യങ്ങളിൽ അവരുടെ തന്നെ മാനസിക പ്രശ്നങ്ങളോ അല്ലെങ്കിൽ സ്വന്തം കുടുംബത്തിലെ ബുദ്ധിമുട്ടുകളോ ആയിരിക്കും അവർക്കു തടസ്സങ്ങൾ സൃഷ്ടിക്കുന്നത്. കാരണങ്ങൾ എന്തായാലും, വിലപ്പെട്ട മനുഷ്യജീവനാണു തങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന ചിന്ത അവർക്കുണ്ടോ എന്നു സംശയം തോന്നിപ്പോകും, ചിലപ്പോഴെങ്കിലുമുള്ള അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചാൽ. രോഗി മനുഷ്യനാണെന്ന പരിഗണനപോലുമില്ലാതെ വാഹനങ്ങൾക്കു ഡീസൽ അടിക്കുന്നതുപോലെ മരുന്നും കുത്തിവയ്പും കൊടുത്ത് തങ്ങളുടെ ഉത്തരവാദിത്വം അവസാനിപ്പിക്കേണ്ടതാണെന്ന രീതിയിൽ പ്രവർത്തിക്കുന്നത് ഒരിക്കലും ഭൂഷണമല്ല. തെറ്റുകൾ തിരുത്തിക്കൊടുക്കേണ്ടവരിൽ ചിലരെങ്കിലും അതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നതും ഭൂഷണമല്ല.

ചിലപ്പോഴെങ്കിലും ഫലപ്രദമായ പരിശീലനത്തിന്റെ അഭാവമോ രോഗികളുടെ വിവരങ്ങളും ചികിത്സാവിധികളും രേഖപ്പെടുത്തുന്നതിലുള്ള അപര്യാപ്തതയോ ഇങ്ങനെയുള്ള പ്രശ്നങ്ങൾക്കു വഴിതെളിക്കാം.

മറ്റൊന്നുള്ളതു പരിശീലനത്തിലിരിക്കുന്നവരുടെയും പരിശീലകരുടെയും പ്രധാന താത്പര്യം പരിശീലനം മാത്രമാണെന്നുള്ളതാണ്. അതായതു സർവകലാശാല അല്ലെങ്കിൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള ആവശ്യകോപാധികൾ പൂർത്തീകരിച്ചു പരീക്ഷ പാസ്സാകുകയെന്നു

## പരിഹാരമാർഗങ്ങൾ

ഒന്നാമതായി ശ്രദ്ധിക്കേണ്ടതു മാതാപിതാക്കളാണ്. നേഴ്സിംഗിനോടു താത്പര്യവും വാസനയുമില്ലാത്ത കുട്ടികളെ തൊഴിൽ സാധ്യത കണ്ടുകൊണ്ടു മാത്രം അതിലേക്കു പറഞ്ഞയയ്ക്കാതിരിക്കുക. ആതുരശുശ്രൂഷയെ ഒരു തൊഴിലെന്നതിലുപരി ഒരു ദൗത്യമായി കാണേണ്ടതാണ്. എന്നാൽ, തൊഴിലിന്റെ മാന്യതയോടു കൂടിയെങ്കിലും അതു നിർവഹിക്കാൻ സാധിക്കില്ലെങ്കിൽ കുട്ടികളെ അവരുടെ അഭിരുചി മനസ്സിലാക്കി ആ മേഖലയിലേക്കു തിരിച്ചുവിടുക. അവരുടെ ഭാവിക്കും വ്യക്തിത്വവികാസത്തിനുമെല്ലാം ഉചിതമായിട്ടുള്ളത് അതാണ്. അല്ലെങ്കിൽ മക്കളുടെ ഭാവിക്കും അതോടൊപ്പം മറ്റുള്ളവരുടെ ശാരീരിക, മാനസിക ആരോഗ്യത്തിനും കോട്ടംതട്ടാനിടയാകും.

- ആതുരശുശ്രൂഷാരംഗത്തു പ്രവേശിക്കുന്നവരെ അവരുടെ ജോലിയുടെ ഉത്തരവാദിത്വം പറഞ്ഞു മനസ്സിലാക്കി കൊടുക്കുക.
- മനുഷ്യജീവൻ വിലയേറിയതാണെന്നും അതു വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണെന്നുമുള്ള അവബോധം കുട്ടികൾക്ക് ഉണ്ടാക്കികൊടുക്കുക.
- അധ്വാനതത്പരതയും ത്യാഗമനോഭാവവും ആവശ്യപ്പെടുന്നതാണ് ആതുരശുശ്രൂഷാരംഗം എന്ന ബോധ്യം കൊടുക്കുക.
- അർഹിക്കുന്ന ഗൗരവത്തോടെ കാര്യങ്ങൾ നോക്കിക്കാണാൻ കുട്ടികളെ പരിശീലിപ്പിക്കുക.
- സ്വന്തം ഉത്തരവാദിത്വത്തിലേല്പിച്ചിരിക്കുന്ന വ്യക്തികളുടെ ജീവനും ആരോഗ്യവുമാണു മറ്റെന്തിനെക്കാളും പ്രാധാന്യമർഹിക്കുന്നതെന്നു മാതൃകയിലൂടെയും അധ്യാപനത്തിലൂടെയും കാണിച്ചുകൊടുക്കുക.
- നിലവിലിരിക്കുന്ന അധ്യാപനരീതിയും റിക്കാർഡിംഗ് സംവിധാനവും ഫലപ്രദമല്ലെങ്കിൽ പഴയതുമാറ്റി കൂടുതൽ ഫലവത്തായ മാർഗങ്ങൾ സ്വീകരിക്കാൻ തയ്യാറാവുക.
- തങ്ങളുടെ ശിക്ഷണത്തിലിരിക്കുന്നവരുടെ തെറ്റുകൾ തിരുത്തുന്നതിൽ ഒരിക്കലും അലംഭാവം കാണിക്കാതിരിക്കുക. *(മാനുഷിക പരിഗണനയോടെ അതു ചെയ്യണമെന്നു മാത്രം.)*
- ചെയ്യുന്ന കാര്യങ്ങളിൽ മുഴുവൻ ശ്രദ്ധയും കൊടുത്ത് ഏകാഗ്രതയോടെ ജോലിചെയ്യാൻ പരിശീലിപ്പിക്കുക.
- കൃത്യനിർവഹണ സമയത്തു സ്വന്തം ബുദ്ധിമുട്ടുകളും അസ്വസ്ഥകളുമൊക്കെ മാറ്റിവച്ചു ജോലിചെയ്യാൻ പഠിപ്പിക്കുക.
- രോഗിയെ പഠനത്തിനുള്ള ഒരു വസ്തുവായി കാണാതെ മാനുഷിക പരിഗണനയോടെ കാര്യങ്ങൾ ചെയ്യാൻ ശീലിപ്പിക്കുക.
- എല്ലാവരിൽ നിന്നും എന്തെങ്കിലും പുതിയതായി പഠിക്കുന്നതിനുള്ള നിരീക്ഷണ പാടവം സ്വന്തമാക്കാൻ സഹായിക്കുക.

ള്ളത്. എന്നാൽ, ആതുരശുശ്രൂഷാരംഗത്തു രോഗിയെ കണക്കിലെടുക്കാതെയുള്ള ആവശ്യകോപാധികളുടെ പൂർത്തീകരിക്കൽ അപ്രസക്തമായിരിക്കുമെന്നുള്ളതാണു യാഥാർത്ഥ്യം. ഉദാഹരണത്തിന് അൻപതു വിദ്യാർത്ഥികൾ ഒരു യൂണിറ്റിൽ പരിശീലനം നടത്തുന്നുണ്ടെങ്കിൽ അവരിൽ നാൽപതുപേരും വന്ന് ഒരേ രോഗിയോടു തന്നെ താങ്കളുടെ പേരെന്താണ്? രാവിലെ എന്താണു കഴിച്ചത്? ഇന്നലെ രാത്രിയിൽ എന്തു കഴിച്ചു? ചെവിയിൽ എന്തെങ്കിലും മൂളൽ കേൾക്കുന്നുണ്ടോ? തുടങ്ങിയ ചോദ്യങ്ങളാവർത്തിച്ചാൽ അയാളുടെ അവസ്ഥയെന്തായിരിക്കും? തീർച്ചയായും പരിശീലനത്തിലിരിക്കുന്നവർ പ്രാക്ടിക്കലായി പഠിക്കേണ്ടത് ആവശ്യമാണ്. എന്നാലതു രോഗിയുടെ ശാരീരികമോ മാനസികമോ ആയ സുസ്ഥിതിയ്ക്കു കോട്ടം വരുത്തിക്കൊണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

പല സ്ഥലങ്ങളിലും പരിശീലനത്തിലിരിക്കുന്നവർ ഏറെയായതുകൊണ്ട് ആർക്കും രോഗികളുടെ കാര്യത്തിൽ പ്രത്യേകിച്ച് ഉത്തരവാദിത്വമില്ലാത്ത അവസ്ഥയും സംജാതമാകാറുണ്ട്. ◇

## നുറുങ്ങറിവ്

# ചൈനയുടെ ദുഃഖം



**ചൈ**നയുടെ ദുഃഖം എന്നറിയപ്പെടുന്ന നദിയാണു മഞ്ഞനദി. ഹാങ് ഹി എന്നും ഇതിനു വിളിപ്പേരുണ്ട്. 5500 കിലോമീറ്റർ ആണു ദൈർഘ്യം. ടിബറ്റൻ പീഠഭൂമിയിലെ ബയങ്കര പർവതത്തിന്റെ വടക്കൻ ചരിവിൽ നിന്ന് ഉത്ഭവിക്കുന്ന മഞ്ഞനദി മഞ്ഞക്കടലിൽ പതിക്കുന്നു. ചൈനീസ് സംസ്കാരത്തിന്റെ കളിത്തൊട്ടിലാണ് ഈ നദിയുടെ തീരങ്ങൾ. ഇതിന്റെ ആകെ വിസ്തൃതി ഏഴരലക്ഷം ചതുരശ്ര കിലോമീറ്ററാണ്. വെള്ളത്തിന്റെ മഞ്ഞനിറമാണ് ഈ പേരുണ്ടാകാൻ കാരണം. ലൂസ് പീഠഭൂമിയിലെ പൊടി നദിയിൽ കലരുന്നതാണു നിറഭേദമുണ്ടാക്കുന്നത്. അതിഭയങ്കരങ്ങളായ വെള്ളപ്പൊക്കങ്ങൾ മഞ്ഞനദിയിൽ ഉണ്ടായിട്ടുണ്ട്. 1931ലെ വെള്ളപ്പൊക്കത്തിൽ മൂന്നു ലക്ഷത്തിലധികം പേർ കൊല്ലപ്പെട്ടതായാണു കണക്ക്. ഏതൊരു നദിയെയുംപോലെ മഞ്ഞനദിയും മലീനികരണത്തിന്റെ പിടിയിൽ അമർന്നിരിക്കുന്നു. യു.എൻ. നിയോഗിച്ച പരിസ്ഥി സംഘത്തിന്റെ പഠന റിപ്പോർട്ടു പ്രകാരം 43 ബില്യൺ ടൺ മാലിന്യമാണ് കഴിഞ്ഞവർഷം മഞ്ഞനദിയിലേക്ക് നിക്ഷേപിക്കപ്പെട്ടത് ! ◇

# ന്യൂസ് ഡയറി

(1-7 ജൂലൈ 2011)

**പി.ആർ.**

## കേരളം

1. പരിയാരത്തു തെറ്റു പറ്റിയെന്നും ഇനി സ്വാശ്രയ പ്രവേശനം സംബന്ധിച്ചു തീവ്രസമരത്തിനില്ലെന്നും എസ്എഫ്ഐ സംസ്ഥാന പ്രസിഡണ്ട് പി.കെ.ബിജു.

- കാലിക്കട്ട് സർവകലാശാലയ്ക്കു കീഴിലെ ഏഴു മെഡിക്കൽ കോളജുകളിൽ നടത്തിയ എം.ബി.ബി.എസ്. സപ്ലിമെണ്ടറി പരീക്ഷയിൽ കൂട്ടകോപ്പിയടി നടന്നെന്ന സംശയത്തെ തുടർന്നു 41 വിദ്യാർത്ഥികളുടെ ഫലം തടഞ്ഞുവച്ചു.

2. കവിയും ഗാനരചയിതാവുമായ അപ്പൻ തച്ചേത്ത് (ടി.എൻ.മേനോൻ-74) അന്തരിച്ചു.



- വേമ്പനാട്ടുകായൽ സംരക്ഷണത്തിനായി ലോകബാങ്കു സഹായത്തോടെ 100 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.



3. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യസ്വത്തു ക്ഷേത്രത്തിൽ തന്നെ സംരക്ഷിക്കാൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം തീരുമാനിച്ചു.



4. മാധ്യമപ്രവർത്തകനും ചലച്ചിത്രസംവിധായകനും ഗ്രന്ഥകാരനുമായ ചിന്ത രവി (രവീന്ദ്രൻ -66) അന്തരിച്ചു.

- സ്വാശ്രയ കോളജു പ്രശ്നത്തിൽ സാമൂഹികനീതി നടപ്പാക്കുന്ന നടപടികളുമായി മുന്നോട്ടു പോകാൻ തിരുവനന്തപുരത്തു ചേർന്ന സർവകക്ഷിയോഗം സർക്കാരിനു പിന്തുണ പ്രഖ്യാപിച്ചു.





5. ഇ.ടി. മുഹമ്മദ് ബഷീർ എം.പിയെ പൊതുകാര്യങ്ങളുടെയും, കെ.പി.എ.മജീദിനെ സംഘടനാകാര്യങ്ങളുടെയും ചുമതലയുള്ള സംസ്ഥാന ജനറൽ സെക്രട്ടറിമാരായി പാണക്കാട് ഹൈദരാലി ശിഹാബ് തങ്ങളുടെ അധ്യക്ഷതയിൽ ചേർന്ന മുസ്ലീം ലീഗ് പ്രവർത്തക സമിതിയോഗം തെരഞ്ഞെടുത്തു.



- പരിയാരം മെഡിക്കൽ കോളജ് പി.ജി. പ്രവേശനത്തിൽ പിശകു പറ്റിയതായി ആശുപത്രി ഭരണസമിതി ചെയർമാനും സിപിഎം സംസ്ഥാന സമിതി അംഗവുമായ എം.വി.ജയരാജൻ.



6. കേരള സാഹിത്യ അക്കാദമി പ്രസിഡണ്ടായി പ്രശസ്ത നോവലിസ്റ്റ് പെരുമ്പടവം ശ്രീധരനെ സംസ്ഥാന സർക്കാർ നിയമിച്ചു.



7. ശബരിമല സന്നിധാനത്തിൽ മാളികപ്പുറം മുതൽ ഭസ്മക്കുളത്തിനു മുകളിലൂടെ ചന്ദ്രാനന്ദൻ റോഡുവരെ കരസേനയുടെ സഹായത്തോടെ മേൽനടപ്പാലം നിർമിക്കുന്നതിന് അനുമതിയായി.

## ദേശീയം



1. മുഖ്യ വിജിലൻസ് കമ്മീഷണറായി (സി.വി.സി) പ്രതിരോധ സെക്രട്ടറി പ്രദീപ് കുമാറിനെ പ്രധാനമന്ത്രി മൻമോഹൻസിംഗ് അധ്യക്ഷനായുള്ള നിയമന സമിതി തെരഞ്ഞെടുത്തു.



2. ബീഹാറിൽ നിന്നുള്ള മുൻ കേന്ദ്രമന്ത്രിയും സിപിഐ നേതാവും സ്വാതന്ത്ര്യസമരസേനാനിയുമായ ചതുരാനൻ മിശ്ര (86) അന്തരിച്ചു.

- വികസന പദ്ധതികൾക്കായി സ്വകാര്യഭൂമി ഏറ്റെടുക്കേണ്ടിവരുമ്പോൾ ആ പ്രകിയ പൂർണമായും സർക്കാർ തന്നെ നടത്തുക, രജിസ്റ്റർ ചെയ്ത വിലയെക്കാൾ ആറിരട്ടി ഭൂവുടമകൾക്കു നല്കുക തുടങ്ങി സോണിയാ ഗാന്ധി അധ്യക്ഷയായ ദേശീയ ഉപദേശക സമിതി സമർപ്പിച്ച നിർദേശം കേന്ദ്രസർക്കാർ തള്ളി.

3. പാർലമെണ്ടറി സംവിധാനത്തിനു തുരങ്കംവയ്ക്കാൻ പൗരസമൂഹ പ്രതിനിധികളെന്നവകാശപ്പെടുന്നവരെ അനുവദിച്ചുവെന്നു ലോക്പാൽ സർവകക്ഷിയോഗത്തിൽ കേന്ദ്രസർക്കാരിനു പ്രതിപക്ഷത്തിന്റെ രൂക്ഷ വിമർശനം.

- ചെന്നൈ ഐലന്റ് ഗ്രൗണ്ടിലെ കരസേന ഓഫീസേഴ്സ് ക്വാർട്ടേഴ്സിന്റെ വളപ്പിൽ കയറിയ തദ്ദേശവാസിയായ 13 കാരൻ ദിൽഷൻ സൈനികരുടെ വെടിയേറ്റു മരിച്ചു.



4. വിദേശബാങ്കുകളിൽ ഇന്ത്യാക്കാർ സൂക്ഷിച്ചിട്ടുള്ള കള്ളപ്പണം സംബന്ധിച്ച കേസുകൾ ഊർജിതമായി അന്വേഷിച്ചു കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ മുൻ ജഡ്ജി ബി.പി. ജീവൻ റെഡ്ഡി അധ്യക്ഷനായി പ്രത്യേക അന്വേഷണ സംഘത്തെ (എസ്.ഐ.ടി) സുപ്രീം കോടതി നിയോഗിച്ചു.

- തെലുങ്കാന സംസ്ഥാന രൂപീകരണ ആവശ്യമുയർത്തി മേഖലയിൽ നിന്നുള്ള ഒൻപതു കോൺഗ്രസ് ലോക്സഭാംഗങ്ങളും, 36 കോൺഗ്രസ് എംഎൽഎമാരും രാജിസമർപ്പിച്ചു.

- റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഡപ്യൂട്ടി ഗവർണറായി ഹാറൂൺ റഷീദ് ഖാനെ നിയമിച്ചു.

5. മലയാള മനോരമ മുൻ ചീഫ് എഡിറ്റർ കെ.സി.മാമ്മൻ മാപ്പിളയുടെ സഹോദരിപുത്രനും മദ്രാസ് മെഡിക്കൽ മിഷന്റെയും യൂണിയൻ ക്രിസ്ത്യൻ അസോസ്സിയേഷന്റെയും സ്ഥാപകാംഗവും പ്രമുഖ അഭിഭാഷകനുമായ പി.സി.കുര്യൻ (96) ചെന്നൈയിൽ അന്തരിച്ചു.

- സിക്കിം ഹൈക്കോടതി ചീഫ് ജസ്റ്റിസ് ദിനകരനെതിരെ രാജ്യസഭ നിയമിച്ച പാനൽ ചുമത്തിയ കുറ്റങ്ങൾ റദ്ദാക്കാൻ സുപ്രീംകോടതി വിസമ്മതിച്ചു.

**6.** പ്രശസ്ത ചലച്ചിത്ര സംവിധായകനും ദേശീയ അവാർഡു ജേതാവുമായ മണി കൗൾ (66) അന്തരിച്ചു.



- രാജ്യത്തെ 227 നഗരങ്ങളിൽ കൂടി എഫ്.എം.റേഡിയോ സ്റ്റേഷനുകൾ തുടങ്ങാൻ കേന്ദ്ര മന്ത്രിസഭായോഗം അനുമതി നല്കി.

**7.** 2 ജി സ്പെക്ട്രം അഴിമതിയിൽ പങ്കുണ്ടെന്നും കുറ്റക്കാരനാണെന്നും സിബിഐ സുപ്രീം കോടതിയിൽ റിപ്പോർട്ടു നല്കിയ പശ്ചാത്തലത്തിൽ കേന്ദ്ര ടെക്സ്റ്റയിൽസ് മന്ത്രി ദയാനിധി മാരൻ രാജിവച്ചു.



- എം.പിമാരുടെ പ്രാദേശിക വികസനനിധി പ്രതിവർഷം രണ്ടു കോടിയിൽ നിന്നും അഞ്ചുകോടി രൂപയായി വർധിപ്പിച്ചു.
- ഉത്തർപ്രദേശിലെ കാൻഷിറാം നഗറിൽ വിവാഹസംഘം സഞ്ചരിച്ചിരുന്ന ബസിൽ ട്രെയിനിടിച്ച് 38 പേർ മരിച്ചു.

## വിദേശം

**1.** താൻ കാൻസർ ബാധിതനാണെന്ന വാർത്ത വെനസ്വേലൻ പ്രസിഡണ്ട് ഹ്യൂഗോ ഷാവേസ് സ്ഥിരീകരിച്ചു.



- തന്നെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചെന്നു കള്ളം പറഞ്ഞതാണെന്നു പരാതിക്കാരിയായ ഹോട്ടൽ ജീവനക്കാരി സമ്മതിച്ചതിനെത്തുടർന്നു വീട്ടുതടവിലായിരുന്ന ഐ.എം.എഫ് മുൻ മേധാവി ഡൊമിനിക് സ്ട്രോസ് കാനെ കോടതി മോചിപ്പിച്ചു.



- ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടെ 90-ാം ജന്മദിനത്തോടനുബന്ധിച്ചു തലസ്ഥാനമായ ബെയ്ജിങ്ങിൽ ആഘോഷങ്ങൾ സംഘടിപ്പിക്കപ്പെട്ടു.
- ലോകവ്യാപകമായി ഇൻർനെറ്റ് ഉപഭോക്താക്കൾക്കു തലവേദനയായ ടി.ഡി.എൽ-4 എന്ന ദുഷ്ട പ്രോഗ്രാം ശൃംഖല കമ്പ്യൂട്ടർ സുരക്ഷാ വിദഗ്ധർ കണ്ടെത്തി.
- റബറുത്പാദക രാജ്യങ്ങളുടെ അന്താരാഷ്ട്ര സംഘടനയായ അസോസിയേഷൻ ഓഫ് നാച്ചുറൽ റബർ പ്രോഡ്യൂസിങ് കൺട്രീസിന്റെ സെക്രട്ടറി ജനറലായി കമറുൽ ബഹ്റൈൻ ചുമതലയേറ്റു.

**2.** സൗദി അറേബ്യയുടെ തലസ്ഥാനമായ റിയാദിലെ അൽബദ് ഹെയിൽ സൂപ്പർ മാർക്കറ്റ് കെട്ടിടത്തിന്റെ മുകൾ നിലയിലുണ്ടായ തീപിടുത്തത്തിൽ അഞ്ചു മലയാളികളും ഒരു മംഗലാപുരം സ്വദേശിയും ഉൾപ്പെടെ ഏഴുപേർ മരിച്ചു.

- മുൻ സി.ഐ.എ മേധാവി ലിയോൺ പെനേറ്റ യു.എസിന്റെ 23-ാമതു പ്രതിരോധ സെക്രട്ടറിയായി അധികാരമേറ്റു.



**3.** ആർട്ട് ഓഫ് ലിവിംഗിന്റെ മുപ്പതാം വാർഷികത്തോടനുബന്ധിച്ച് ബെർലിനിൽ നടന്ന ലോക സാംസ്കാരിക സമ്മേളനത്തിൽ 151 രാജ്യങ്ങളിൽ നിന്നായി അരലക്ഷത്തോളം പേർ പങ്കെടുത്തു.

- ബംഗ്ലാദേശിൽ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ പാർട്ടിയായ അവാമിലീഗിന്റെ റാലിക്കുനേരെ ഗ്രനേഡ് ആക്രമണം നടത്തിയ കേസിൽ മുൻ പ്രധാനമന്ത്രി ഖാലിദ സിയയുടെ മകൻ റഹ്മാൻ ഉൾപ്പെടെ 30 പേരെ പോലീസ് പ്രതികളാക്കി.

**4.** നിലവിലെ ജേതാവ് സ്പെയിനിന്റെ റാഫേൽ നദാലിനെ പരാജയപ്പെടുത്തി സെർബിയയുടെ നൊവാക് യൊകോവിച്ച് വിബിംൾഡൺ കിരീടം നേടി.



- ക്യൂബയിൽ കാൻസർ ശസ്ത്രക്രിയയ്ക്കു വിധേയനായ വെനസ്വേലൻ പ്രസിഡണ്ട് ഹ്യൂഗോ ഷാവേസ് രാജ്യത്തു മടങ്ങിയെത്തി.

**5.** ഓസ്ട്രിയായിലെ അവസാനത്തെ ചക്രവർത്തിയുടെ പിൻഗാമി ഓട്ടോ ഹാബ്സ്ബർഗ് (98) ജർമനിയിൽ അന്തരിച്ചു.



- ഇറാഖ് തലസ്ഥാനമായ ബാഗ്ദാദിന് 20 കിലോമീറ്റർ വടക്കു താജി നഗരത്തിലുണ്ടായ ഇരട്ട ബോംബുസ്ഫോടനങ്ങളിൽ 35 പേർ കൊല്ലപ്പെട്ടു.

**6.** രാജ്യത്തെ വടക്കുകിഴക്കൻ മേഖലയിലെ മുൻ യുദ്ധപ്രദേശങ്ങൾ സന്ദർശിക്കുന്നതിനു വിദേശികൾക്ക് ഏർപ്പെടുത്തിയിരുന്ന വിലക്കു ശ്രീലങ്കൻ സർക്കാർ നീക്കി.

- സൊമാലിയായിൽ നിന്നുള്ള അഭയാർത്ഥികളുമായി സൗദി അറേബ്യ ലക്ഷ്യമാക്കി പോവുകയായിരുന്ന ബോട്ട് സുഡാനു സമീപം ചെങ്കടലിൽ തീ പിടിച്ചു മുങ്ങി 197 പേർ കൊല്ലപ്പെട്ടു.

**7.** ജപ്പാനിലെ കോബെയിൽ നടക്കുന്ന ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലെ വനിതാ ലോങ്ജംപിൽ മലയാളി താരം മയൂഖ ജോണി സ്വർണം നേടി.



- പാകിസ്ഥാൻ നഗരമായ കറാച്ചിയിൽ പാകിസ്ഥാൻ പീപ്പിൾസ് പാർട്ടിയുടെയും മുത്താഹിദ ക്വാമി മൂവ്മെന്റിന്റെയും പ്രവർത്തകർ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 42 പേർ മരിച്ചു.




# തിരുവചനവേദിയിൽ

വിശുദ്ധഗ്രന്ഥ വ്യാഖ്യാനം ആയാസകരമായ ഒരു കർമ്മമാണ്. വൈദികരെ സംബന്ധിച്ചിടത്തോളം അതു തങ്ങളുടെ ദൗത്യനിർവഹണത്തിന്റെ അനിവാര്യ ഭാഗമാണു താനും. ബലിയർപ്പണഘട്ടത്തിലും മറ്റു ദിവ്യകർമ്മാനുഷ്ഠാന സന്ദർഭങ്ങളിലും വചനപ്രഘോഷണം കൂടിയേ തീരൂ. പക്ഷേ, എല്ലാവർക്കും ഇതു വളരെ എളുപ്പത്തിൽ നിർവഹിക്കാവുന്ന ഒന്നല്ല. അവരെ സഹായിക്കുകയെന്ന മഹത്തായ ലക്ഷ്യത്തോടെയാണു ഫാ. ജോയി കാക്കനാട്ടു തിരുവചനവേദിയിൽ എന്ന വിശിഷ്ട ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. അവതാരികയിൽ റവ.ഡോ.അഗസ്റ്റിൻ തോട്ടക്കര എഴുതുന്നു:

ബഹുമാനപ്പെട്ട ജോയി കാക്കനാട്ടച്ചൻ വളരെക്കാലം ദൈവവചനം പഠിച്ചയാളാണ്. പല വർഷങ്ങളായിട്ട് അദ്ദേഹം ദൈവവചനം പഠിപ്പിക്കുന്നു. വേദപുസ്തകവുമായുള്ള അദ്ദേഹത്തിന്റെ അനുസ്യൂതവും അതിതീവ്രവുമായ സമ്പർക്കത്തിൽ നിന്നും ഉരുത്തിരിഞ്ഞ അർത്ഥ സമ്പന്നവും ഗുണമേന്മയുമുള്ള ചിന്തകളാണ് ഈ കൃതിയുടെ ഉള്ളടക്കം.

വായിച്ചു കേൾക്കുന്ന ദൈവവചനത്തിന്റെ ചരിത്രപരവും, ആശയപരവും, കാലദേശസന്ദർഭപരവും ആയ പശ്ചാത്തലങ്ങൾ കൂടി അറിഞ്ഞാൽ വായിച്ചു കേട്ട വേദവാക്യങ്ങളുടെ അർത്ഥവും സന്ദേശവും കൂടുതൽ ഗാഢമായി ഉള്ളിൽ പതിയും. ഞായറാഴ്ചകളിലെ വേദപുസ്തക വായനയുടെ പുറകിൽ അദൃശ്യമായി നില്ക്കുന്ന കാലദേശചരിത്രസന്ദർഭങ്ങളെ സമ്യക്കായി കൂട്ടിയിണക്കി യുക്തിയുക്തം വചനത്തെ വ്യാഖ്യാനിക്കുന്ന പ്രക്രിയയാണ് ഇവിടെ നടത്തിയിരുന്നത്.

ഉപനിഷത്തുകൾ പറയുന്നതു മുക്തിമൂല്യങ്ങളായിട്ടു മൂന്നു ധർമങ്ങളുണ്ടെന്നാണ്. ശ്രവണം, മനനം, നിദിധ്യാസം.

ഒന്ന്: ദൈവവചനവും ദൈവസ്തുതിയും ഭക്തിയോടും ശ്രദ്ധയോടും ഏകാഗ്രതയോടും ആശ്രയമനോഭാവത്തോടും കൂടി ശ്രവിക്കുക.



ഡോ.ജോയ് ഫിലിപ്പ് കാക്കനാട്ട്, CMI
പ്രസാ: മീഡിയാ ഹൗസ്, കോഴിക്കോട്-4
*വില : ₹ 150/-*

രണ്ട്: മനനം. ശ്രവിച്ച വചനത്തെക്കുറിച്ചു ചിന്തിക്കണം, മനനം ചെയ്യണം, കാര്യകാരണങ്ങൾ നിരത്തി, വചനത്തിന്റെ സാംഗത്യം, സന്ദർഭം, അർത്ഥവ്യാപ്തി, സന്ദേശം ഇവയെക്കുറിച്ചൊക്കെ യുക്തിപൂർവം ചിന്തിച്ചു ബുദ്ധിപൂർവം തീരുമാനങ്ങൾ കൈക്കൊള്ളണം.

മൂന്ന്: നിദിധ്യാസം. ഇതു ധ്യാനമാണ്. ചിന്താശക്തികൊണ്ടു പ്രസ്പഷ്ടമായ വചനത്തെ സാത്മീകരിച്ചു ധ്യാനത്തിൽ നിമഗ്നനാകുക. അഷ്ടാംഗയോഗത്തിലെ അവസാനത്തെ നാല് അംഗങ്ങൾ ഇവിടെ പ്രവർത്തനനിരതമാവണം.

മനസ്സിന്റെ വ്യാപാരങ്ങളെ അപ്പാടെ നിർവീര്യമാക്കി, നിയന്ത്രിച്ചു ധ്യാനത്തിനായി മനസ്സിനെ ഏകാഗ്രമാക്കണം. ഇവയൊക്കെ സംഭവിച്ചാലേ സാധകന് അനായാസമായി ധ്യാനസാധന ചെയ്യുവാൻ സാധിക്കുകയുള്ളൂ. ദൈവവചനത്തെ ശ്രവിക്കണം, ശ്രവിച്ചതിനെക്കുറിച്ച് മനനം ചെയ്യണം.

മനനാനന്തരം വചന ധ്യാനത്തിൽ ഏർപ്പെടണം. ശ്രവണമനനനിദിധ്യാസങ്ങൾ സ്ഫുടം ചെയ്തു തെളിമ വരുത്തിയ മനസ്സിലേ ദേവദർശനം നടക്കുകയുള്ളൂ. വേദവാക്യങ്ങളുടെ ശ്രവണമനനനിദിധ്യാസപ്രക്രിയയ്ക്കു, വചനപശ്ചാത്തലം വെടിപ്പായിട്ടു വിശകലനം ചെയ്തു കാത്തിരിക്കുന്ന ഈ ഗ്രന്ഥം സഹായകമായിരിക്കും.

*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*

## ഡോ. കുര്യാസ് കുമ്പളക്കുഴിയുടെ കൃതികൾ

**അതിരുകളില്ലാതെ ആശാൻ കവിത**



മീഡിയാഹൗസ്
കോഴിക്കോട്. വില: ₹ 150

**ബൈബിൾ നിഘണ്ടു**
(രണ്ടാം പതിപ്പ്)



മീഡിയാ ഹൗസ്,
വില: ₹ 180/

**മറക്കരുതാത്ത ചരിത്രപാഠങ്ങൾ**



മീഡിയാ ഹൗസ്,
വില: ₹ 140/

**യോഹന്നാൻ ക്രൂസിന്റെ മിസ്റ്റിക് ഗീതങ്ങൾ**



മീഡിയാ ഹൗസ്,
വില: ₹ 80/

**വിദ്യാഭ്യാസം ചരിത്രവും ദർശനവും**



മീഡിയാ ഹൗസ്,
കോഴിക്കോട്.

---

**മൃത്യുബോധം മലയാള കാല്പനിക കവിതയിൽ**



മീഡിയാ ഹൗസ്
വില: ₹ 190/

**സത്യത്തിന്റെ മുഖം**



മീഡിയാ ഹൗസ്,
വില: ₹ 100/

**ആർഷരത്നങ്ങൾ**
(മൂന്നാംപതിപ്പ്)



അരുൺ ബുക്സ്,
വില: ₹ 125/

**ഇന്ദ്രപ്രസ്ഥത്തിലെ ദാർശനികൻ**
(മൂന്നാംപതിപ്പ്)



മീഡിയാ ഹൗസ്
കോഴിക്കോട്

**വീണ്ടു വിചാരം**



വിമലാ ബുക്സ്.
കാഞ്ഞിരപ്പള്ളി,
വില: ₹ 110/

---

**കേരള കവിതയിലെ തേനും വയമ്പും**



മീഡിയാ ഹൗസ്,
വില: ₹ 75/

**അഗ്നികടയുന്ന അക്ഷരങ്ങൾ**



അരുൺ ബുക്സ്,
നിലമ്പൂർ വില: ₹ 75/

**പ്രസംഗിക്കുക പ്രസംഗകരാവുക**
(മൂന്നാംപതിപ്പ്)



അരുൺ ബുക്സ്,
വില: ₹ 100/

**മഹാഭാരതം**
(പുനരാഖ്യാനം)



അരുൺ ബുക്സ്,
നിലമ്പൂർ

**കുടുംബജീവിത പാഠങ്ങൾ**



വിമലാ ബുക്സ്,
വില: ₹ 95/

---

**വിമോചനസമരം**



മീഡിയാ ഹൗസ്,
വില: ₹ 210/

**ഇടപ്പള്ളിക്കവിതകൾ**



അരുൺ ബുക്സ്,
വില: ₹ 100/

**കഥ കവിത ജീവിതം**



അരുൺ ബുക്സ്,
നിലമ്പൂർ

**ഗീതാഞ്ജലി**



വിമലാ ബുക്സ്,
വില: ₹ 40/

**എഴുത്തിന്റെ വഴികൾ**



പിപിഎം ബുക്സ്
വില: ₹ 70/

---

*എല്ലാ പ്രമുഖ ബുക്സ്റ്റാളുകളിലും ലഭിക്കുന്നു.*